# നവതൂലിക

**KPC HSS**

**PATTANUR**

**LITTLE KITES**
**IT CLUB**



MAGAZINE 2019




*MAGAZINE 2019*



**K.P.C HIGHER SECONDARY SCHOOL - ലെ Little kites ലെ കുട്ടികൾ നിർമ്മിച്ച Digital Magazine എന്ന നൂതന സംരംഭത്തിന് എല്ലാവിധ ആശംസകളും നേരുന്നു. അംഗങ്ങളെ അഭിനന്ദിക്കുന്നു.**

HEADMASTER

MANOHARAN P V





# EDITORIAL BOARD

CHIEF EDITOR: MANOHARAN [HEAD MASTER]

STAFF EDITOR : SANDEEP EACHUR

SUB EDITOR : NISHA C.K

STUDENT EDITOR : NIVED.C
KEERTHAN K.K
ASHIN.P

MEMBERS : SREELAKSHMI.G
NIKHILA. A
ARCHANA .C.K
SARANGH. C.C
JENNY. K.C
GOPIKA .A.T
ANAMIKA.A.K
ANISHMA.P.P
FIDHA
JAMSHADA
AROMAL


LITTLE
KITES
CLUB


K.P.C.H.S.S ,PATTANUR
Retirament of sri.I.R Chandrababu Hsst On31.4.2018. &smt.A Lakshimi Office Staff On31.5.2018

ഉള്ളടക്കം


| | |
|---|---|
| നിണമണിഞ്ഞ മഴ തുള്ളികൾ | 12 |
| തത്ത്വമസി | 13 |
| എന്തിനു നീ വന്നു | 14 |
| ശാന്തതയുടെ നിറവെൺമ | 15 |
| മഴയുടെ നിറം | 16 |
| നമ്മുക്കും ആകാം പ്രകൃതിയുടെ കാവലാൾ | 17 |
| മഴയിൽ പൊലിഞ്ഞുപോയ ആശകൾ | 20 |
| അതിജീവനത്തിന്റെ കൈതാങ്ങ് | 22 |
| കടലാസുതോണികൾ | 23 |
| നിണമണിഞ്ഞമഴതുള്ളിക്കൾ | 26 |
| മലയാളമാണെൻ ഇൗഷ്ടഭാഷ | 27 |
| മറക്കാൻ കഴിയാത്തമഴ | 28 |
| രാജ്യംനേരിടുന്ന വെല്ലുവിളിക്കൾ | 29 |
| കനത്ത മഴ | 32 |
| ഞെട്ടിക്കുന്ന മഴക്കാഴ്ച്ചകൾ | 33 |
| ദുരിതത്തിലാക്കിയ ഒരു മഴ | 34 |
| മഴ കൊണ്ടുപോയ  മധുരം | 35 |
| രാജ്യം നേരിടുന്ന വെല്ലുവിളികൾ | 36 |
| മഴയുടെ കുരുതി | 39 |
| പ്രളയം നമ്മെ പഠിപ്പിച്ചത് | 42 |
| കാഴ്ചയുടെ അന്ധത | 45 |
| മഴയുണ്ടാക്കിയ നാശം | 47 |

| | |
|---|---|
| മഴ ചൊരിഞ്ഞ ജീവനുകൾ | 48 |
| പാഠം1;ഓർമ്മക്കൾ | 49 |
| നിണമണിഞ്ഞ മഴത്തുള്ളികൾ | 51 |
| പ്രളയം നമ്മെ പഠിപ്പിച്ചത് | 52 |
| ആ മഴയത്ത് | 54 |
| ഞെട്ടിക്കുന്ന മഴകാഴ്ച | 56 |
| കാലത്തിന്റെ കൈയ്യൊപ്പ് | 57 |
| അമ്മു | 59 |
| രക്തം ചിന്തിയ മഴത്തുള്ളികൾ | 60 |
| ഞെട്ടിക്കുന്ന ഒരു മഴകാഴ്ച | 61 |
| KPC EXPO | 62 |
| DRAWINGS | 64 |


K.P.C HIGHER SECONDARY SCHOOL
PATTANNUR
K.P.C ENGLISH SCHOOL
KPC ITI(Pvt.)
Stepping stone to a better future
WELCOME
dishtv

# നിണമണിഞ്ഞ മഴത്തുള്ളികൾ

മുഹമ്മദ് ഷാമിൽ
8.J



നേരം പുലർന്നിട്ടും എന്തേ നീവരാതെ
ആദിത്യൻ വന്നിട്ട നേരമെത്ര
എരിയുന്ന മണ്ണിൽ ചുട്ടുകരിഞ്ഞ്നിൽക്കുന്ന
നമ്മെ രക്ഷിക്കാനുള്ളവൻ
നീ മാത്രമാണെന്നും
ചുവന്നു വരുന്നവൻ നീയാണ്
**നിണമണിഞ്ഞ മഴത്തുള്ളികൾ**
ഇന്ന് നീഎന്തേ വരാതിരിക്കുന്നു
എൻ ത്തുള്ളി പൊൻ തുള്ളി
മഴത്തുള്ളി നീ
ആരും തൊടാത്തൊരീ കണ്ണുനീർ
മണ്ണിനും വിണ്ണിനും ചുവപ്പേകട്ടെ
സ്നേഹത്തിനരുമായം തുള്ളികൾ
ഊർന്നു നനഞ്ഞു മണമേകട്ടെ
ചുവന്നു കനത്തു വരുന്നവൾ
നീയാണെൻ തുള്ളിയേ
അമ്മ കരഞ്ഞപ്പോൾ കണ്ണീർ തുള്ളിയായ്
ഞാനിതാ വിഴുന്നു മഴത്തുള്ളിയായ്
മാനത്തു നിന്നിതാ താഴെക്കു വിഴുന്നു
കൊച്ചു തുള്ളിയാം മഴത്തുള്ളികൾ

# തത്ത്വമസി




പി.ദേവകി

നാമൊരു ജനത മലയാളമക്കൾ
നമുക്കൊരു കുടക്കീഴിൽ ജീവിച്ചിടാം....
ശബരിമല നമ്മുടെ പുണ്യഭൂമി
ശബരീനാഥൻ നമ്മുടെ പുണ്യദേവൻ...
ഇവിടെ ശാന്തിയും സമാധാനവും പുലരാൻ
പതിനെട്ടാം പടി ചവിട്ടുന്നു നമ്മൾ...
പതിനെട്ടുപടികൾ കയറുമ്പോൾ കാണും..
തത്ത്വമസിവാക്യം ഭാരത ദർശനം
അതാണ് ശബരിനാഥ സന്ദേശവും...
അതാണ് നാം ഉരുവിടും ദിവ്യമന്ത്രം!
ഞാനും നീയും ഒന്നായി ഭവിച്ചീടുമ്പോൾ
ദൈവവും മനുഷ്യരും ഒന്നായിടുന്നു....!!!!!

# എന്തിനു നീ വന്നു.....!!

നീ വന്നു;ആശ്വാസം തന്നു
നവ മഴ തൻ ഗന്ധം തന്നു
ഉഷ്ണമകറ്റി നീ വിയർപ്പു തുടച്ചു നീ
അധ്വാനവർഗത്തിൻ നോവകറ്റി നീ
ഭീതിയകറ്റി നീ കണ്ണനീർ തുടച്ചു നീ
എങ്കിലും എൻ സഖി എന്തി വന്നു നീ
എന്തിനു നീ തന്നു ഈ
ഉൾത്താപ ഉത്ഫല്ല ജീവിതം നീ
ഉൾത്താപ ഉത്ഫല്ല ജീവിതം നീ
നിണമണിയിച്ചില്ലേ കേരളം നീ

നദികൾ ശോണമായി തീർത്തു നീ
എന്തിനു വന്നു എന്തിനു നീ തന്നു
മൾത്താപ മത്ഫല്ല ജീവിതം നീ
ആയിരം ജീവിത ജൻമം തകർത്തു നീ
ആയിരം സ്വപ്നങ്ങൾ നീ തകർത്തു
നീ ബാക്കി വച്ചു ആയിരം ജൻമങ്ങൾ
ദു:ഖമതിഷ്ഠിത ജീവിതങ്ങൾ
എന്തിനു നീ വച്ചു ബാക്കിയായി
ദു:ഖ-ദുരിതമാം ജീവിതങ്ങൾ.....!!




അനസാജ് 10 I

# ശാന്തതയുടെ നിറവെൺമ

**കാവേരി.കെ.സി**
**8G**

ഉണരുന്ന സ്നേഹത്തിന്റെ
ചുടുകണ്ണീരായി ഈ മഴത്തുള്ളി
ശാന്തതയുടെ സമാധാനത്തിന്റെ
പ്രതീകമാണീ മഴത്തുള്ളി
മണ്ണിന്റെ സ്പർശനം തൊട്ട്
മണ്ണിലേക്ക് സാഷ്ടാംഗം പ്രണമിക്കുന്നു
ചൂടേറ്റു വരളുന്ന മരങ്ങൾക്ക്
ദാഹശമനമായി ഈ മഴ
അവനിയെ വെട്ടിമാറ്റി തരിശുഭൂമിയാക്കി
ചുട്ടുമരിക്കുന്ന ഭൂമിയുടെ കണ്ണുനീരായി മഴ
മഴയുടെ സ്പർശനം തൊട്ട്
ആശ്വാസമായ ശ്വാസം പുറത്തുവിടുന്നു
മരങ്ങൾ വെട്ടിമാറ്റി ഫ്ലാറ്റുകളും
ബിൽഡിങ്ങുകളും ഉയർത്തി
പച്ചയണിഞ്ഞ ഭൂമിയെ
തരിശുഭൂമിയാക്കി
ഇതൊക്കെ കണ്ടുനിൽക്കുന്ന
വാനമേ,നിന്നിൽ പൊടികണ്ണു
നീരാണോ ഈ മഴ?
പെയ്തിറങ്ങുന്ന മഴയുടെ കണ്ണുനീർ
ജലാശയത്തിലൊഴുകിയെത്തി
കടലായി,പുഴയായി,അരുവിയായി
ഇതു കണ്ടുനിൽക്കുന്ന കിളിമകളേ
ആരുടെ കണ്ണുനീരാണീ മഴ?
ജലാശയം നിറഞ്ഞൊഴുകി
പ്രളയമായി എത്തി
ഭൂമിയെ ഉപദ്രവിച്ചവർക്കായി
ഒരു തിരിച്ചടി നൽകി



# മഴയുടെ നിറം

മഴനിറയും കാലം ഇല്ലാതാക്കുന്നു
നാം സന്തോഷിക്കും,എന്നാൽ
ഓരോതുള്ളിയും,മേഘകണ്ണീരായി
രക്തതുള്ളിയായി മാറുന്നു
കേരളമേ മഴയായി മുങ്ങിയിരിക്കുന്നു
നാം ഒരു തുള്ളിവെള്ളത്തിനായി കൊതിക്കും
കാലം വരും ദിനങ്ങളിൽ
ഇന്ന് മഴതുള്ളികൾദിനംതോറും കൂടുകയാ...
വരും കാലം ആര് അറിഞ്ഞിരിക്കും
രക്തതുള്ളിയാൽ മുങ്ങുന്നു ഇന്നീ മഴക്കാലം
മഴജീവിതമേ ഇല്ലാതാകുന്നു,
മനുഷ്യമനസിനെ തളർത്തുന്നു
മഴയുടെ നിറം നാം അറിഞ്ഞിരിക്കുന്നു
അത് ഒരോരുത്തരേയും ഇല്ലാതാക്കുന്നു
വരും ദിനങ്ങൾ ആര് അറിയും
മഴയെന്ന കണ്ണീർ കണങ്ങൾ

മസ്ന.കെ
X F

# നമുക്കും ആകാം പ്രകൃതിയുടെ കാവലാൾ

ഭൂമി നമ്മുടെ അമ്മയാണ്.ദൈവം നമുക്ക തന്ന വരദാങ്ങളാണ് ഭൂമിയിലെ ഓരോ വസ്തുക്കളും.പ്രകൃതിയിലെ കാട്ടാറുകളും വൃക്ഷലതാദികളും എന്തിനേറെ പറയുന്നു..? പ്രകൃതിയിലെ സർവ ചരാചരങ്ങളും ഈശ്വരന്റെ സമ്മാനമാണ്.എവർക്കും ഭൂമിയിൽ ഒരേ സ്ഥാനമാണുള്ളത്.എന്നാൽ താനാണ് ഇതിന്റെയെല്ലാം അധിപൻ എന്നതാണ് മനുഷരുടെ ചിന്ത.സ്വന്തം പ്രയോജനത്തിനു വേണ്ടി മനുഷ്യർ പ്രകൃതിയെ പലവിധ ചൂഷണങ്ങൾക്ക് ഇരയാക്കുന്നു.പ്രകൃതിയിലെ പല ജീവനുകളെയും വംശ ഹത്യക്ക വിധേയരാക്കുന്നു.എന്നാൽ പ്രകൃതി നശിക്കുമ്പോൾ,പ്രകൃതിയിലെ സമ്പത്തുകൾ നശിക്കുമ്പോൾ  മനുഷ്യനറിയുന്നില്ല..ഇതെല്ലാം തന്റെ പതനത്തിലേക്കുള്ള വഴിയാണെന്ന്.



ഒരമ്മയും തന്റെ മക്കളുടെ പതനം ആഗ്രഹിക്കുന്നില്ല.അതിനാൽ തന്നെ മനുഷ്യന്റെ പല ദുഷ്ടിയകളെയും കണ്ടില്ലെന്നു നടിച്ചു.മരങ്ങൾ മുറിച്ചും കുന്നിടിച്ചും വയൽ നികത്തിയും മനുഷ്യൻ പ്രകൃതിക്കു നേരെ ക്രൂരത കാട്ടിയപ്പോള് അവിടെ തകർന്നടിഞ്ഞത് ആയിരക്കണക്കിന് ആവാസവ്യവസ്ഥകളായിരുന്നു.തിരിച്ചടിക്കാത്തവരെ മാത്രമേ

നാം അടിക്കും.അതുപോലെ മനുഷ്യനും പ്രതീക്ഷിച്ചിരിക്കാം പ്രകൃതി പ്രതികരിക്കില്ലെന്ന്.എന്നാൽ മനുഷ്യന്റെ അത്തരം ചൂഷണങ്ങൾക്കു മുന്നിൽ പിടിച്ചു നിൽക്കാനുള്ള ത്രാണി പ്രകൃതിക്കുണ്ടായിരുന്നില്ല.ഒടുവിൽ പ്രകൃതി മറുപടി  പറഞ്ഞത് പ്രളയത്തിന്റെ രൂപത്താൽ.ഇതുവരെ പറയാനിരുന്ന കാര്യങ്ങളെല്ലാം തന്നെ ഇതിലൂടെ പ്രകൃതി മനുഷ്യനിലേക്ക് എത്തിച്ചു.പ്രളയത്താൽ നാടുമുങ്ങിയപ്പോൾ മനുഷ്യൻ മനസിലാക്കുകയായിരുന്നു താൻ ചെയ്തു നോക്കുമ്പോൾ പ്രകൃതി ചെയ്യുന്നതെത്ര നിസാരമെന്ന്.ഇതുവരെ മനുഷ്യന് അറിയാത്തതും  പഠിക്കാത്തതുമായ പല കാര്യങ്ങളും പ്രളയം നമ്മെ പഠിപ്പിച്ചു.ഇതുവരെ കണ്ടതിൽ വച്ച് ഏറ്റവും മതസൗഹാർദമായ സ്ഥലം ഏതെന്നു ചോദിച്ചാൽ പലരുടെയും മറുപടി 'ദുരിതാശ്വാസ ക്യാമ്പ് ' എന്നായിരിക്കും.ഒരേ പാത്രത്തിൽ ഉണ്ട്,ഒരേ പായയിൽ കിടന്ന ദിനരാത്രങ്ങൾ മലയാളികളുടെ ഓർമ്മയിൽ എന്നും ഉണ്ടാവേണ്ട ഒന്നാണ്.ഹിന്ദുവും മുസൽമാനും ക്രിസ്ത്യാനിയും ഒന്നാണെന്ന സന്ദേശം മനുഷ്യമനസുകളിലേക്കെത്താൻ ഒരു പ്രളയം വേണ്ടവന്നു എന്നത് ദുഃഖ ജനകമാണ്.

വൈക്കം മുഹമ്മദ് ബഷീറിന്റെ വചനങ്ങളും ശങ്കരാചാര്യരുടെ അദ്വൈതസിദ്ധാന്തവും ഈ കാലങ്ങളിൽ കൂടുതൽ  പ്രസക്തിയാർജിക്കുന്നു.

'' ഇനിവരുന്നൊരു തലമുറയ്ക്ക്
ഇവിടെ വാസം സാധ്യമോ..''

എന്ന വരികൾക്ക് ഇവിടെ പ്രസക്തി ഏറെയാണ്.മനുഷ്യർ തങ്ങൾ ചെയ്യുന്ന തെറ്റുകൾകൊണ്ട് ഇല്ലാതാക്കുന്നത് പുതിയ തലമുറയെ കൂടിയാണ്.പുതുതലമുറയുടെ ഭൂമിയിലെ വാസം

സാധ്യമാകണമെങ്കിൽ ഭൂമിയുടെ മേലുള്ള മനുഷ്യന്റെ ചൂഷണങ്ങൾക്ക് അറുതി വരുക തന്നെ വേണം.

പഴയകാലത്തെ പണ്ഡിതന്മാർ പറയപ്പെട്ടിട്ടുള്ളത് ഒരു പരുതി വരെ സത്യമാണെന്ന് നമ്മുക്കറിയാം.അതിന് ഏറ്റവും നല്ല ഉദാഹരണമാണ്,

''മാളികമുകളേറിയ മന്നന്റെ
തോളിൽ മാറാപ്പുകേറ്റുന്നതും ഭവാൻ''

എന്ന പൂന്താനത്തിന്റെ വരികൾ.എത്ര വലിയവനായാലും എത്ര വലിയ സമ്പത്തുണ്ടായാലും അത് നശിക്കാൻ വെറും ഒറ്റ നിമിഷം മാത്രം മതി.പ്രകൃതിയെ കൊള്ളയടിച്ചുണ്ടായതെല്ലാം തന്നെ പ്രളയത്തിന്റെ രൂപത്തിൽ പ്രകൃതി തന്നെ തിരിച്ചെടുത്തിരിക്കുന്നു.

''താൻതാൻ നിരന്തരം ചെയ്യുന്ന കർമ്മങ്ങൾ
താൻതാൻ അനുഭവിച്ചീടുകെന്നേ വരൂ''

എന്ന വാക്കുകൾ വെറും പഴമയുടെ വിലാപങ്ങൾ മാത്രമായിരുന്നില്ലെന്ന് മനുഷ്യൻ മനസ്സിലാക്കേണ്ടത് അത്യാവശ്യമാണ്.ഇനി ഒരു പ്രളയം വരാതിരിക്കണമെങ്കിൽ നാം തന്നെ വിചാരിച്ചേ പറ്റൂ.നാം ചെയ്യുന്ന ദുഷ്പ്രവൃത്തികളുടെ ഫലം അനുഭവിക്കാൻ നാം മാത്രമേ ഉണ്ടായിരിക്കുകയുള്ളൂ എന്ന് മനുഷ്യനെ ബോധ്യപ്പെടുത്താനായിരിക്കാം പ്രകൃതി പ്രളയത്തിന്റെ രൂപത്തിൽ വന്നത്.ഇനിയത് ഉണ്ടാവാതിരിക്കാനായി നമുക്ക് ഒരുമ്മിച്ച് പ്രവർത്തിച്ചേ പറ്റൂ.അതിനായി പ്രളയം നമ്മെ പഠിപ്പിച്ച കാര്യങ്ങൾ നമുക്കോർക്കാം.നമുക്കും പ്രകൃതിയുടെ കാവലാളാവാം.....

ഗോപിക വർമ്മ.പി.
9 H

# മഴയിൽ പൊലിഞ്ഞുപോയ ആശകൾ

**അഭിനവ് സി**
**VIII J**

പിറന്നാളാഘോഷത്തിന്റെ തിരക്കിലാണ് അമ്മു. തന്റെ അഞ്ചാം പിറന്നാൾ വളരെ മനോഹരമായി അഘോഷിക്കാൻ വെമ്പൽ കൊള്ളുകയാണ് അവളുടെ കുഞ്ഞുമനസ്സ്. പുറത്ത് അതിശക്തമായ മഴ ആർത്തു ഉലച്ച് പെയ്യുകയാണ് . എങ്കിലും അവൾ അതിനൊന്നിനും ചെവി കൊടുത്തില്ല.മഴ തീവ്രതയാർജിച്ച് കൊണ്ടിരുന്നു. മുത്തശ്ശിയുടെയും അമ്മയുടെയും മനസ്സിൽ ഭയമേറി വന്നു.പുഴക്കരയിലാണ് അവരുടെ വീട്. പുഴയിൽ ജലനിരപ്പ് ഉയർന്നു കൊണ്ടിരിക്കുകയാണ്.



എങ്കിലും തന്റെ പൊന്നുമോളുടെ സന്തോഷത്തിനു വേണ്ടി അമ്മ

അടുക്കളയിൽ കയറി പായസം ഉണ്ടാക്കാൻ തുടങ്ങി. അമ്മു അമ്മയുടെ അടുക്കളയിൽ വന്നിരുന്നു. ചേരുവകൾ ചേർക്കുമ്പോൾ അണ്ടിപരിപ്പും മുന്തിരിയും അമ്മ കാണാതെ അവൾ ഒളിച്ചെടുത്തു കഴിച്ചു. മഴ വീണ്ടും വീണ്ടും ശക്തിയാർജിച്ചു കൊണ്ടേയിരുന്നു. അവളുടെ കുഞ്ഞുമനസ്സിലും തെല്ലൊരു ഭയം ഉടലെടുത്തു. അവൾ അമ്മയുടെ കൈ ചേർത്തു പിടിച്ചു. "എന്റെ ദൈവേ....എന്റെ കുട്ടിയുടെ പിറന്നാൾ നീ ഇല്ലാതാക്കിയോ? ....." മുത്തശ്ശിക്ക് പേടിയായി. പുറത്ത് ഒരു വണ്ടിയുടെ ശബ്ദം. അതെ അത് അച്ഛൻ തന്നെ ...അമ്മു ഉറപ്പിച്ചു. അവൾ മുറ്റത്തേക്ക് ഓടി. പിറന്നാൾ ഉടുപ്പും സമ്മാനങ്ങളും പ്രതീക്ഷിച്ച് അവൾ അച്ഛന്റെയടുത്ത് ഓടിയെത്തി.

" ഇ ല്ല, ഒന്നും വാങ്ങിയിട്ടില്ല,"

അവൾ അച്ഛനെ അടി മുടി നോക്കി. ആ കുഞ്ഞുകണ്ണുകൾ നിറഞ്ഞു. അച്ഛൻ അവളെ വാരിയെടുത്തു. "ഒന്നും വാങ്ങാൻ കഴിഞ്ഞില്ല കുട്ട്യേ...കടകളായ കടകളെല്ലാം മുങ്ങിയിരിക്കുകയാണ്. " അവളുടെ മനസ്സ് വിങ്ങിപ്പൊട്ടി. അവൾ കരയാൻ തുടങ്ങി. അവളെ മാറോടു ചേർത്തുപിടിച്ച് അച്ഛൻ അകത്തേക്ക് നടന്നു. പതുക്കെ അമ്മയോടും മുത്തശ്ശിയോടും പറഞ്ഞു.

"വെള്ളം കയറി ഇങ്ങെത്തി, നമുക്ക് വേഗം പോണം. വേഗം എല്ലാം എടുത്തോ"

അച്ഛന്റെ വാക്കുകൾ കേട്ട് അമ്മയും മുത്തശ്ശിയും പരിഭ്രാന്തരായി. അവർ അത്യാവശ്യ സാധനങ്ങളും എടുത്ത് റെഡിയായി. അവർ ഏവരും മുറ്റത്തേക്ക് നടന്നു. അവർ നടുങ്ങിപ്പോയി. മുറ്റത്ത് എത്തിയിരിക്കുന്നു. ഇനി എന്തു ചെയ്യും? മുട്ടോളം ഉള്ള വെള്ളത്തിലൂടെ അച്ഛൻ അമ്മുവിനെയും എടുത്ത് മുന്നിൽ നടന്നു. പിന്നാലെ മുത്തശ്ശിയും അമ്മയും. അവർ ഒടുവിൽ രക്ഷാ പ്രവർത്തകരുടെ അടുത്തെത്തിച്ചേർന്നു. പെട്ടെന്ന് അതും സംഭവിച്ചു. വഴി തെറ്റി ഒഴുകിയ പുഴ അമ്മുവിന്റെ വീടിനെ നിമിഷം നേരം കൊണ്ട് നിലം പതിപ്പിച്ചു. തന്റെ കളിപ്പാട്ടങ്ങൾ, ഉടുപ്പുകൾ, പിറന്നാളിനായി തയ്യാറാക്കിയ പായസം എല്ലാം ഓർത്തപ്പോൾ അമ്മുവിന് സഹിക്കാനായില്ല. ആ കുഞ്ഞുകണ്ണുകളിൽ

നിന്ന് കണ്ണീർ പൊടിഞ്ഞു. ക്രൂരതയുടെ കുപ്പായമണിഞ്ഞ മഴ വീണ്ടും വീണ്ടും ശക്തിയാർജിച്ചുകൊണ്ടോയിരുന്നു.

# അതിജീവനത്തിന്റെ കൈത്താങ്ങ്

**ദേവിനന്ദന.പി.വി**

ആ മഴയുടെ കൂടെ ഇടിയും മിന്നലും മാത്രമല്ല ഉണ്ടായിരുന്നത്അതിദയനീയമായ നിലനിളികളും കൈത്താങ്ങിന്റെ കൈസ്പർശവും ഉണ്ടായിരുന്നു

ഇടിഞ്ഞുവീഴാറായ വീട്ടിൽ അവർ നാലുപേരായിരുന്നു ഉണ്ടായിരുന്നത്. അമ്മുവും അവളുടെ ചേച്ചി അനുവും അച്ഛനും അമ്മയും .നിർധനരായ ആ കുടുംബത്തിന്റെ നെട്ടംതൂണ് അച്ഛനായിരുന്നു. ഒരു ജോലിക്ക് വേണ്ടി അന്വേഷിച്ച ആ അച്ഛന് അന്യനാട്ടിൽ ഒരു ജോലി കിട്ടി. പോകാൻ നേരം അവളുടെ അമ്മ ഓർമ്മിപ്പിച്ചു. അവിടെയെത്തി ജോലി കിട്ടിയ ഉടൻ കത്ത് അയക്കണം എന്ന്. ആദ്യം അവർ കത്ത് അയച്ചു പിന്നെ പിന്നെ അത് നിലച്ചു. ഒരു ഇടനപ്പാതി ദിവസം അനുവിന് പനി വന്നു .കാണിക്കാൻ പണം ഇല്ല . ആരും പണം കടം കൊടുക്കുന്നുമില്ല. അത് തന്നെ സംഭവിച്ചു . അനു മരിച്ചു . അനുവിനെ അടക്കം ചെയ്യാൻ ഒരു പിടി മണ്ണ് പോലും ആരും കൊടുത്തില്ല.അത് അവിടെ കിടന്ന് ചീഞ്ഞ് നാറി . അതിൽ മനംനൊന്ത് അവളുടെ അമ്മ മുഴുപ്രാന്തിയായി . ആര് കണ്ടലെങ്കൽ പ്രകൃതി എല്ലാം കാണുംപ്രകൃതി കലിതുള്ളി ഇളകി

ജാതിയും മതവും പറഞ്ഞു നടവർ എല്ലാം അതിജീവനത്തിന് വേണ്ടി കൈ നീട്ടി പട്ടുമെത്തയിൽ കിടന്നുറങ്ങിയവർ ഫാസ്റ്റ് ഫുഡ് കഴിച്ചവരും വെള്ളവും കുടിച്ച് ജീവൻരക്ഷിച്ചു കൊടുത്താൽ പണികൊല്ലത്തും കിട്ടും

# കടലാസുതോണികൾ

## അതുല്ല്യ
## 8G

7ാം പീരീഡ് ബെല്ലടിച്ചു.എല്ലാവരും ക്ലാസിലേക്കോടി ഫിസിക്സായിരുന്നു .ചന്ദ്രൻ മാഷിന്റെ ഒരോ പഴമൊഴിയും കേട്ട് ബോറടിച്ചിരിക്കുകയായിരുന്നു അന്നു. അങ്ങനെ അതങ്ങ് നീണ്ട് പോയി. അവൾ സാധാരണ കുട്ടിയാണ് കേട്ടോ..... അതും ഒരു മിടുക്കി. അപ്പോഴായിരുന്നു മൈക്കിലൂടെ ഒരറിയിപ്പ് കേട്ടത്. " മഴയായതിനാൽ എല്ലാവർക്കും വാഹനസൗകര്യം ഉണ്ട്. ആരും മഴയിൽ നടക്കാൻ പാടില്ല. " അതൊന്നും അന്നു കാര്യമാക്കിയില്ല കുട്ടരേ.

" എന്താ കുറച്ച് ദൂരമല്ലേ ഉള്ളൂ...നടന്നു പോയേക്കാം. മഴകാഴ്ചകളിൽ മനം നിറയും. ഹായ് എന്തു രസമായിരിക്കും. " അവൾ സ്വയം പറഞ്ഞു. വിദ്യാലയം എല്ലാ കുട്ടുകാർക്കും സ്വാതന്ത്ര്യം നൽകി . അമ്മു ആരെയും കാണാതെ സ്കൂൾ വിട്ടിറങ്ങി.അവൾ പുള്ളിക്കുട തുറന്നു. മദ്ദളം കൊട്ടുന്നതു പോലെ ഓരോന്നായി മഴത്തുള്ളികൽ ചിതറി വീണു. അവൾ പുത്തൻ ബാഗ് തുറന്നു. അതിലുള്ള വർണക്കടലാസുകളെല്ലാം എടുത്തു. എന്നിട്ട് എന്തു ചെയ്യെന്നോ? അവളുടെ വർക്ക് ടീച്ചർ പറഞ്ഞു കൊടുത്ത തോണികൾ ഉണ്ടാക്കിക്കൊണ്ടിരുന്നു. എന്നിട്ട് എല്ലാം മഴയത്ത് അങ്ങിനെ ഒഴുക്കി വിട്ടു. " ഹായ് , എന്തൊരു രസം.." അവൾ പറഞ്ഞു. അപ്പോഴായിരുന്നു അവൾ ആ കാഴ്ച കണ്ടത്. വഴികളിൽ വീണിരിക്കുന്ന ആലിപ്പഴങ്ങൾ..



കൂരിരുട്ടിലേക്കായിരുന്നു അവൾ പോകുന്നതെന്ന് അവൾ അറിഞ്ഞില്ല.

വഴിയിൽ ആലിപ്പഴം പെറുക്കാൻ പോയതും അതാ ഒരു മരം പൊട്ടി വീണിരിക്കുന്നു. അവൾ ഉച്ചത്തിൽ നിലവിളിച്ചു. വഴിയിലുള്ള വീടുകളിൽ നിന്നും ആളുകൾ മിന്നിത്തെളിയുന്നു. പെട്ടെന്ന് കുന്നിടിയലും ശക്തമായ കാറ്റും ഒന്നിനൊപ്പമായിരുന്നു. അവളുടെ അമ്മ വിവരമറിഞ്ഞ് ഓടിയെത്തി. എല്ലാവരും അനുവിനെ സമാധാനപ്പെടുത്തി. പച്ചയണിഞ്ഞ ഇലകളെ മാരുതൻ തട്ടിക്കൊണ്ടുപോയി. വർണകണങ്ങൾ എല്ലാം മാഞ്ഞുപോയി. എല്ലാവരും ചേർന്ന് ഒറ്റക്കെട്ടായി നിന്നു. അവരുടെ കാൽപ്പാടുകൾ ഫ്ളാറ്റിന്റെ മൂന്നാം നിലയിൽ എത്തി. വെള്ളം അവരെ വിട്ടില്ല. പെട്ടെന്ന് അവരിൽ പലരും വിടപറഞ്ഞു. അവരിലെ ധൈര്യം ചോർന്നു പോയിരുന്നു. ഭക്ഷണത്തിനു വേണ്ടി പലരും കരഞ്ഞു. തന്റെ ജീവിതത്തിന്റെ ഓരോ നിഴലും ലോകത്തോട് അപേക്ഷിച്ചു . പെട്ടെന്ന് ഒരാൾ പറഞ്ഞു , നമ്മൾ ചെയ്ത ഓരോ

ക്രൂരതയ്ക്കും പ്രകൃതി നമുക്ക് തരികയാണ്. മറ്റൊരാൾ അയാളുടെ വചനം കേട്ട് പറഞ്ഞു., "അതേ അതു തന്നെയാണ്. അത് നമ്മൾ അനുഭവിക്കണം".

അതു കേട്ട് അനുവിന്റെ അമ്മ പറഞ്ഞു 'എന്തിനാ ദൈവമേ ഇങ്ങനെ ചെയ്യുന്നത് '.എല്ലാവരും തന്റെ വേദനകൾ മറന്നു.ഒറ്റകെട്ടായി രക്ഷപ്രവൃത്തക്കർ എത്തിചേർന്നു . എല്ലാവരും സ്വന്തം ജീവിതം വെടിയാൻ ഒരുങ്ങി.നെൽ വയലുകൾ നനഞ്ഞു. ഇലകൾ കുതിർന്നു. പൂത്തു നിറഞ്ഞ ഫലങ്ങൾ ഒന്നൊന്നായി താഴേക്ക് വീഴാൻ തുടങ്ങി. മനുഷ്യന്റെ ചങ്ങലക്കളിൽ ലോകം ഒരു അനാഥനായി .വാഹനങ്ങൾ തരിശ്ശുകഷ്ണങ്ങളായി. അങ്ങനെ എല്ലാം തകർത്തു . മഴയുടെ ശക്തി അവലംബിച്ച .എല്ലാം നശിച്ചു. ജീവൻതകർന്ന മനുഷ്യർ ദൈവത്തെ കുറ്റക്കാരനാക്കി. നാശം വീതച്ച ലോകത്തെ അവർ വെറുത്തു എല്ലാം കഴിഞ്ഞതിനുശേഷം ദൈവം ലോകത്തിലെ ഓരോ മനുഷ്യനോടായി പറഞ്ഞു.'എന്തിനാ മനുഷ്യയാ നീ ഇങ്ങനെ ലോകത്തെ ഇലാതാക്കിയത്. നീ എന്തിനെന്നെ കുറ്റക്കാരനാക്കി .നീ ചെയ്യ്ത ക്രൂരതക്കളുടെ ഫലങ്ങൾ നീ തന്നെ അനുഭവിക്കണം . ഇനിയെങ്കിലും നീ ഒരു ശരിയായ മനുഷ്യനാക്കു. അതിനു നിനക്ക് സാധിക്കട്ടെ '.

എല്ലാം കഴിഞ്ഞതിനു ശേഷം അനു അമ്മയോടായി പറഞ്ഞു ' അമ്മേ എന്റെ കടലാസുതോണി എവിടെ ആയിരിക്കും'.

## നിണമണിഞ്ഞ മഴത്തുള്ളികൾ

അജയ് ഗോവിന്ദ്.എം.സി

ഇന്നീ ലോകം മുഴുവൻ ചോരതൻ വിസ്മയം
എവിടെ നോക്കിയാലും രക്തത്തിൻ
സുഗന്ധം
ആർത്തലച്ചു പെയ്യുന്ന മഴയ്ക്കും
രക്തത്തിൻ
ചുവപ്പും ഗന്ധവും മാത്രം
എവിടെ നോക്കിയാലും ക്രൂരത
മഴയോ സംഹാരമൂർത്തിയായി
ഉലകം മുടിക്കുന്നു
കുറച്ചു ദിവസങ്ങൾക്കുമുംമ്പ് നാം കണ്ടിതാ
മഴയുടെ ഉലകം മുടിക്കും താണ്ഡവവിസ്മയം
മഴകോരിത്തരിച്ചു പെയ്യുന്നു
മർത്യരോടുള്ള ദാഹം ശമിപ്പിച്ചുവിൻ
പൊലിഞ്ഞു പലതും മനുഷ്യന് നഷ്ടമായി
കുടുംബത്തേയും സ്നേഹിതരേയും
മഴവന്നാൽ ആഹ്ളാദത്തിൽ രസിക്കുന്ന
കൂട്ടുകാർക്ക് മഴയെന്നാൽ ഭീതി
സ്വപ്നമായി നഷ്ടമായി
മനുഷ്യന്റെ സ്വപ്നങ്ങൾക്ക് വിലകൽപ്പിക്കാതെ
മഴയോ നിണമണിഞ്ഞ സംഹാര രൂപമായി
മനുഷ്യൻ പ്രകൃതിയോടു ചെയ്തക്രൂരതയ്ക്ക്
പ്രകൃതി  ശിക്ഷിച്ചു മഴയുടെ രൂപത്തിൽ



# മലയാളമാണെൻ ഇഷ്ടഭാഷ

കാർത്തിക ബാലഗോപാൽ.കെ.വി
8E

അ

മലയാളമാണെൻ ശ്രേഷ്ഠഭാഷ
മലയാളമാണെൻ മാതൃഭാഷ (2)
തുഞ്ചന്റെ ഭാഷ, കുഞ്ചന്റെ ഭാഷ
മലയാളമാണെന്റെ ശ്രേഷ്ഠഭാഷ
അക്ഷരമാകുന്ന പൂക്കൾ ചിരിക്കുന്ന-
പൂവാടിയാണെന്റെ ഭാഷ
അമ്മതൻ അമ്മിഞ്ഞ പാലോടൊപ്പം
മാതുര്യമേകുന്ന ദിവ്യഭാഷ
മലയാളമാണെന്റെ മാതൃഭാഷ
മലയാളമാണന്റെ ഇഷ്ടഭാഷ

# മറക്കാൻ കഴിയാത്ത മഴ

ആര്യനന്ദ.എ.എസ്.

8F



നിണമണിഞ്ഞ മഴത്തുള്ളികൾ
ഭൂമിയിൽ വന്നു പതിക്കവേ
രക്തം  കലർന്ന പുഴകയായ്
അവ ഒഴുകുകയാണ്
അനന്തരമായ് ഒഴുകുകയാണ്
പാപങ്ങളുടെ ജീവിതം ഒരു
നിമിഷത്തിൽ
നിശ്ചലമാക്കിയ മഴത്തുള്ളികൾ
അവ ഭൂമിവന്ന്   പതിക്കവേ
എല്ലാം ഒരു നിമിഷത്തിൽ തകർന്നുപോയ്
മഴപെയ്ത് വെള്ളപൊക്കമാവുമ്പോൾ
രാത്രിയുടെ യാമങ്ങളിൽ മതിക്കെട്ടുറങ്ങുന്ന ജീവരാശികൾ
ഒരു നിമിഷത്തിൽ  മരണത്തിനിടയാവുന്നു
ഈ മഴത്തുള്ളികൾ പ്രകൃതിക്ക്
നാശം വിതച്ച് എങ്ങോ
മറഞ്ഞുപോയ് . എങ്ങോ  മറഞ്ഞുപോയ്

വിഷയം: രാജ്യം നേരിടുന്ന വെല്ലുവിളികൾ

ആമുഖം:നമ്മുടെ രാജ്യം ഇന്ന് അധിവേഗം വികസിച്ച്കൊണ്ടിരിക്കുന്നു. ലോകത്തെ ഞെട്ടിച്ച പല നേട്ടങ്ങൾക്കും ഇന്ത്യ അർഹയായിട്ടുണ്ടെങ്കിലും പല വെല്ലുവിളികളും നമ്മുടെ രാജ്യം നേരിടുന്നുണ്ട്.

ലോകത്ത് ജനസംഖ്യയിൽ നമ്മുടെരാജ്യം രണ്ടാംസ്ഥാനം അലങ്കരിക്കുന്നു. എന്നാൽ ഭക്ഷണത്തിന്റെ കാര്യത്തിൽ നമ്മൾ പിന്നിലാണ്.ലോകത്തെ മറ്റ് രാജ്യങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ ഇന്ത്യയിൽ ദരിദ്രരും പട്ടിണിക്കാരും കൂടുതലാണ്.അതുകൊണ്ട് തന്നെ ഇന്ത്യ നേരിടുന്ന പ്രധാന വെല്ലുലിളികളൽ ഒന്നാണ് ഭക്ഷ്യ ദൗർലഭ്യം.ഉൽപ്പാദനം, സംഭരണം,വിതരണം എന്നീ മൂന്ന് ഘട്ടങ്ങളും കൃത്യമായി നടന്നാലേ ആരോഗ്യമുള്ള ഇന്ത്യയെ വാർത്തെടുക്കാൻ കഴിയുകയുള്ളൂ. ഇന്ത്യയിൽ പല ഇടങ്ങളിലും ഉൽപ്പാദനവും സംഭരണവും നടക്കുന്നുണ്ടെങ്കിലും വിതരണം അതുപോലെ നടക്കുന്നില്ല.അതിനാൽ ഇത്തരം പ്രതിസന്ധികൾ രാജ്യം നേരിടുന്ന പ്രധാന വെല്ലുവിളിയാണ്.

സാമ്പത്തിക മേഖലയാണ് മറ്റൊരു പ്രധാന വെല്ലുവിളി. ഏത് കാര്യവും നല്ല രീതിയിൽ പ്രാവർത്തികമാകണമെങ്കിൽ ധനം നമുക്ക് അത്യാവശ്യമാണ്.എന്നാൽ സാമ്പത്തിക മേഖല നമ്മുടെ കയ്യിൽ ഭദ്രമാണോ?ഉറപ്പിച്ച് നമുക്ക് ഒരു ഉത്തരം നൽകാൻ കഴിയില്ല. ശരിയായ രീതിയിലുള്ള സ്ഥിതിവിവരക്കണക്കിൽ ഇന്ത്യ പല വെല്ലുവിളികളും നേരിടുന്നുണ്ട്.ജനങ്ങളുടെ അറിവില്ലായ്മ,ഗാർഹികജോലി ഇത്തരം കണക്കുകളിൽ ഉൾപ്പെടുത്താത്തത്, ജനങ്ങൾ ചെലവുകൾ രേഖപ്പെടുത്തി സൂക്ഷിക്കാത്തത് തുടങ്ങിയവ ഇതിനുള്ള പ്രധാന കാരണങ്ങളാണ്.അതിനാൽ സാംബത്തിക മേഖലയും നാം  വെല്ലുവിളി നേരിടുന്ന ഒരു മേഖലയാണ്.

കൂട്ടുകാരെ,നമുക്ക് ഇന്ന് എല്ലാ സൗകര്യങ്ങളും ഉണ്ടല്ലോ.

എന്നാൽ രാജ്യത്തെ എല്ലാ കുട്ടികളും അതുപോലെയാണോ? പല കുട്ടികളും ജീവിതത്തിനും മരണത്തിനും ഇടയിലായി ഇന്നും നമുക്ക് ചുറ്റും ഉണ്ട്.ഇന്നുംപല കുട്ടികളും ബാലവേലയ്ക്ക് വിധേയമാകുന്നുണ്ട്. മൗലികാവകാശങ്ങളിൽ ചീഷണത്തിനെതിരെയുള്ള അവകാശത്തിൽ ബാലവേലക്കെതിരെ സൂചിപ്പിച്ചിട്ടുണ്ട്. എങ്കിലും ഇന്നും അതും പാടെമായ്ച്ച്കളയാൻ കഴിഞ്ഞിട്ടില്ല.പത്രങ്ങളിലും ആനുകാലികങ്ങളിലും നാം ഇത്തരം വാർത്തകൾ ഇന്നും വായിച്ചുകൊണ്ടിരിക്കുന്നു.

ഈയിടെ വാർത്തകളിൽ നിറഞ്ഞുനിന്ന ഒന്നായിരുന്നു ഉത്തർ പ്രദേശിലെ ഖരക്പൂറിൽ പ്രാണവായു ലഭിക്കാതെ മരിച്ച പിഞ്ചുകുരുന്നുകളുടെ വാർത്ത;എൻഡോസൾഫാൻ വിതച്ച ദുരിതങ്ങളുടെ വാർത്ത;പകർച്ചവ്യാധികൾ കവർന്നെടുത്ത ജീവിതങ്ങളുടെ വാർത്ത.ചികിത്സാ മേഖലയിൽ നമ്മുടെ ഉയർച്ച ഏറെ പരിതാപകരമാണ്.പല ആശുപത്രികളിലും പണം മാത്രം ലക്ഷ്യംവച്ച് പ്രവർത്തിക്കുന്നവർ കൊന്നൊടുക്കുന്നത് നാളത്തെ വാഗ്ദാനങ്ങളെയാണ്.മരുന്നുകളുടെ ലഭ്യതക്കുറവ്,
ആവശ്യത്തിനുള്ള
സൗകര്യക്കുറവ്, ഡോക്ടറുടെ എണ്ണത്തിലുള്ള കുറവ്, രോഗം കൃത്യമായി പ
റയാതെ പണം മാത്രം ലക്ഷ്യംവയ്ക്കുന്ന പ്രവണതകൾ ഇതിനുള്ള പ്രധാന കാരണങ്ങളാണ്.അതുകൊണ്ട് ആരോഗ്യവും ഊർജസ്വലതയുമുള്ള ഒരു രാ
ജ്യം രൂപീകരിക്കുന്നതിന് ചികിത്സാമേഖലയും ഉയർത്തേണ്ടതുണ്ട്.

നമ്മുടെ സമൂഹത്തിൽ നാം ഇന്ന് നിരന്തരം കാണുന്ന ഒന്നാണ് മലിനീകരണങ്ങൾ. എവിടെ നോക്കിയാലും മാലിന്യക്കുംബാരങ്ങളാണ്.

"മലരണിക്കാടുകൾ തിങ്ങിവിങ്ങി
മരതക കാന്തിയിൽ മുങ്ങിമുങ്ങി"

എന്ന ചങ്ങംബുഴ വരികളെ തികച്ചും തിരുത്തിക്കൊണ്ടാണ് നമ്മുടെ രാജ്യം ഇന്ന് കടന്നുപോകുന്നത്. ഉപയോഗശൂന്യമായ മാലിന്യങ്ങൾ പൊതവഴിയിൽ അലക്ഷ്യമായി വലിച്ചെറിയുംബോൾ അതുണ്ടാക്കുന്ന പ്രയാസ

ങ്ങൾ നാം അറിയുന്നില്ല. ശരിയായ മാലിന്യസംസ്കരണത്തിലൂടെ രാജ്യ ത്തെ പുരോഗതിയിലെത്തിക്കാൻ പലപദ്ധതികളുണ്ടെങ്കിലും തിരക്കേറി യ ജനങ്ങൾ അതിന് തയ്യാറാകുന്നില്ല. മലിനീകരണത്തിന്റെ കാര്യം പറ യുംബോൾ ജലത്തെക്കുറിച്ച് പറയാതിരിക്കാൻ വയ്യ. നമ്മുടെ നിത്യജീവി തത്തിൽ നമുക്ക് വിലമതിക്കാൻ പറ്റാത്ത ഒന്നാണ് ജലം. എന്നാൽ ജല മാണ് ഇന്ന് ഏറ്റവും കൂടുതൽ മലിനമാകുന്നതും. 'ഇനിയൊരു യുദ്ധമുണ്ടെ ങ്കിൽ അത് ജലത്തിനുവേണ്ടിയായിരിക്കും'എന്ന പ്രവചനം അക്ഷരാർ ത്തിൽ ശരിയാകും എന്ന രീതിയിലാണ് ഇന്ന് രാജ്യത്തിന്റെ അവസ്ഥ. അതുകൊണ്ട് ജലസംരക്ഷണം നമ്മുടെ കർത്തവ്യമാണ്.

നൂതന സാങ്കേതികവിദ്യയുടെ ഉപഭോഗത്തിൽ നാം, ഇന്ത്യക്കാ ർ മുൻപന്തിയിലാണ്. അത് നമ്മുടെ രാജ്യത്തിന് ഉപകാരപ്രദമാണെങ്കി ലും ഒരു നാണയത്തിന്റെ ഇരുവശങ്ങൾ എന്നപോലെ ഇതിനും ഗുണങ്ങ ളും ദോഷങ്ങളും ഉണ്ട്. ഉപഭോക്താവിന്റെ മനോഭാവവും സ്വഭാവഗുണം പോലെയും മാത്രമേ നമുക്കത് നിശ്ചയുക്കാൻ കഴിയുകയുള്ളൂ. എന്നാൽ പ ല വൃത്തിഹീനമായ കാര്യങ്ങളും ഇന്റർനെറ്റ്, മൊബൈൽഫോൺ തുടങ്ങി
യ ഇത്തരം സാങ്കേതികവിദ്യയിലൂടെ ഇന്നും നടക്കുന്നുണ്ട്.സമൂഹത്തിൽ വൈറലായ ബ്ളൂവെയിൽ ഇതിന് ഉദാഹരണമാണ്. പാഠിനടക്കേണ്ട കു ട്ടികൾ ഇന്ന് ഇത്തരം മാധ്യമങ്ങൾക്കുമുന്നിൽ ചുരുങ്ങിപ്പോകുന്നു. നാള ത്തെ പൗരന്മാരായ കുട്ടികളാണ് ഇത്തരം ചൂഷണങ്ങൾക്ക് വിധേയമാകു ന്നത്. അതിനാൽ നൂതന സാങ്കേതികവിദ്യളുടെ ദുരുപയോഗം രാജ്യം നേ
രിടുന്ന പ്രധാനവെല്ലുവിളിയാണ്.

ഇങ്ങനെ നിരവധി പ്രശ്നങ്ങൾ നിലനിൽക്കുംബോഴും അതൊ ക്കെ അതിജീവിച്ച് മുന്നേറാൻ നമ്മുടെ രാജ്യം ഇന്ന് പരിശ്രമിക്കുന്നുണ്ട്. ഇത്തരം പ്രതിസന്ധികൾ അതിജീവിച്ചാലെ നമുക്ക് നല്ലൊരു ഭാരതത്തെ പുന:സൃഷ്ടിക്കാൻ കഴിയുകയുള്ളൂ. അതിന് വിദ്യാർത്ഥികളായ നാം തന്നെ, ഈ വിദ്യാർത്ഥി ജീവിതകാലത്തിൽ തന്നെ തുനിഞ്ഞിറങ്ങേണ്ടതാണ്.

രസിക എം.വി

10 G

## കനത്തമഴ

ഷാനിഫ്
10E

മഴ പെയ്തു കുളങ്ങൾ നിറഞ്ഞു, പുഴകൾ , കടലുകൾ
തൊട്ടുകൾ നിറഞ്ഞൊഴുകി
മാനവാൻ അനുഗ്രഹമഴ......
ഭൂമിത്തൻ അനുഗ്രഹമഴ
പ്രകൃതിയെ ദ്രോഹിച്ചമനുഷ്യൻ കിട്ടി
അത് മഴയുടെ രൂപത്തിൽലായി.....
ദൂരിതം വന്നു
എത്ര തിവ്ര മഴ
മഴ  പെയ്തു  പെയ്തിറക്കി
മഴ  എല്ലാം നശിപ്പിച്ചു ....
താൻ താൻ ചെയ്ത  പ്രതിഫലമായി
ഭൂമിമാതാവ് അറിഞ്ഞു നൽകിയ  ഉപകാരം
ചോര നിരാക്കിമാറ്റിയാ മനുഷ്യന്റെ ..
സബത്തുൾ  നശിപ്പിച്ചു
മനുഷ്യൻ മനുഷ്യനെ മനസിലാക്കി
മഴ രക്ഷസമായി പെയ്തു
മനുഷ്യൻ മനുഷ്യനെ തിരിച്ചറിഞ്ഞു



# ഞെട്ടിക്കുന്ന മഴക്കാഴ്ചകൾ

ഞാൻ രാജു. എന്റെ നാട് ആലപ്പുഴ ജില്ലയിൽ ഒരു ചെറുഗ്രാമത്തിൽ. കഴിഞ്ഞ മഴക്കാലം എന്നെ വല്ലാതെ പ്രയാസപ്പെടുത്തി. കഠിനമായ മഴയായിരുന്നു അത്. എല്ലാ സ്ഥലങ്ങളിലും നിർത്താതെ പെയ്ത മഴ. എല്ലാവർക്കും വല്ലാത്ത പ്രയാസം. ആ മഴയിൽ ധാരാളം നാശം സംഭവിച്ചു. പുഴകളും നദികളും കരകവിഞ്ഞ് നാടു മുഴുവൻ ഏകദേശം വെള്ളം കൊണ്ടു നിറഞ്ഞു. എന്റെ വീടിന്റഎ പുറകിലുള്ള തോടിൽ നിന്നു വെള്ളം ഏതു നിമിഷവും വീട്ടിൽ കയറും എന്നനിലയിൽ ആണ് ഉള്ള്ത്. എന്റെ കുട്ടികൾ സ്കൂളിലാണ് ഉള്ളത്. അവർ വരുമ്പോഴേക്കും വെള്ളം കയറാമെന്ന നിലയിലാണ് ഉള്ളത്. ഞാൻ ഒന്നും നോക്കാതെ അവരെ കൂട്ടിക്കൊണ്ടു വരാൻ പോയി. അവർ പോടിച്ച കൊണ്ട് സ്കൂളിന്റെ മുന്നിൽ നിൽക്കുന്നുണ്ടായിരുന്നു. അവരെയും കൊണ്ട് വീടിന്റെ അടുത്തേക്ക് പോകുമ്പോൾ അവിടെ വീടില്ല. അവിടെ ഒരു തറ മാത്രമേ കണ്ടുള്ളൂ. എനിക്ക് എന്ത് ചെയ്യണമെന്ന അറിയാതെ സ്തംഭിച്ച നിന്ന അവസ്ഥയിലായിരുന്നു. എന്റെ കുട്ടികൾ  അളറി വിളിക്കുന്നത് ഞാൻ ശ്രദ്ധിച്ചു. അപ്പോഴേക്കും വീടിന്റെ തറയുടെ മുകളിലൂടെ വെളഅളം പോയിരുന്നു. അപ്പോഴാണ് ബോട്ടിലൂടെ പോലീസിന്റെ വേഷത്തിൽ  രണ്ടു പേർ വരുന്നത് .  എനിക്കറിയില്ലായിരുന്നു അവർ എന്നെയും മക്കളെയും കൊണ്ട് എന്റെ മക്കൾ പഠിക്കുന്ന സ്കൂളിലേക്കാണ് പോകുന്നതെന്ന്. അവിടെ ധാരാളം പേർ ഉണ്ടായിരുന്നു. അതു ദുരിതാശ്വാസ കേമ്പായിരുന്നു. എല്ലാവരും അവിടെ ഉണ്ടായിരുന്നു. അവിടെ നമ്മൾ എല്ലാവരും ഒരു കുടുംബം പോലെയായിരുന്നു. എല്ലാവരുടെും മുഖത്ത് സന്തോഷവും ദുഖവും ഞാനൊരു പോലെ കണ്ടു.

അഞ്ചു ദിവസത്തിന് ശേഷം കേമ്പിൽ നിന്ന് ഞാനും മക്കളും വീട്ടിലേക്ക് മടങ്ങി. അവിടെ എത്തിയപ്പോൾ യാതൊന്നും ഉണ്ടായിരുന്നില്ല. ഞാനെന്റ മക്കളെയൊന്നു നോക്കി. അവർ വിതുമ്പികരയുന്നുണ്ടായിരുന്നു.

സൽമാൻ നസീർ

9 J

# ദുരിതത്തിലാക്കിയ ഒരു മഴ

മുഹമ്മദ് ശാമിൽ കെ പി
8J

ഒരിക്കൽ ഒരിടത്ത് ദീപുവെന്ന ഒരു കുട്ടിയുണ്ടായിരുന്നു. അവൻ താമസിക്കുന്നത് ഇടുക്കിയിലാണ്. അവൻ പാവപ്പെട്ട ഒരു കുടുംബത്തിലെ ഒരു കൊച്ചു കുട്ടിയാണ്. അവൻ ഏഴാം ക്ളാസ്സിലാണ്  പഠിക്കുന്നത്. അവനും അവന്റെ കൂട്ടുകാരും കളിച്ചു നടക്കുകയായിരുന്നു. അതാ പേടിപ്പികികുനിന ശബ്ദത്തോടെയും ഇരുണ്ട മുഖത്തോടെയും കൂടി പെട്ടെന്ന് ഞെട്ടിക്കിന്ന ഒരു മഴ വന്നു. മഴ അങ്ങിനെ തുടർന്നു കൊണ്ടെ ഇരുന്നു. ദീപുവിന്റെ വീടിന്റെ തൊട്ടടുത്താണ് വയൽ പ്രദേശം. ആ മഴയിൽ വയലിലും തോടിലും ഒക്കെ വെള്ളം കയറി കവിഞ്ഞൊഴുകാൻ തുടങ്ങി. ആ മഴ പിന്നെയും പിന്നെയും തുടർന്നു കൊണ്ടേയിരുന്നു. തോടും വയലും നിറഞ്ഞ് അത് വിടിന്റഎ ഉമ്മറത്തു വരെയെത്തി. അവന്റെ വീടിനു പുറകിലുള്ള  ഒറ്റു വലിയ കുന്ന് ഇടിഞ്ഞ് കുറേ നാശ നഷ്ടങ്ങൾ ഉണ്ടായി. അതു കണ്ടതിൽ പിന്നെ ദീപുവിന് പേടിയായിത്തുടങ്ങി. അതു കണ്ടഅമ്മ അവനെ മാറോടു ചേർത്തു പിടിച്ചു. അവന്റെ വീട് ഓടിട്ട രണ്ടു നില വീടായിരുന്നു. അവൻ പിറ്റേ ദിവസം സ്കൂളിലേക്ക് പോകുമ്പോൾ ഞെട്ടിക്കുന്ന ഒരു വാർത്ത കേട്ടു.



ഇടുക്കി ഡാം നാളെ തുറക്കുമെന്നത്. അവൻ അത് കേട്ടതും നിരാശാഭരിതനായി മാറി. അവൻ സ്കൂളിൽ പോയി വരുമ്പോൾ കണ്ടകാഴ്ച കടകളായ കടകളെല്ലാം വെള്ളത്താൽ നിറഞ്ഞിരിക്കുന്നു. അവൻ വീട്ടിലെത്തി  അമ്മയോട് പറഞ്ഞു " അമ്മേ നാളെഇടുക്കി ഡാം ഷട്ടർ തുറക്കും " അതു കേട്ടതോടെ അമ്മയും ഒന്നു ഞെട്ടി. പിറ്റേ ദിവസം ഇടുക്കി ഡാം തുറന്നതോടെ അവന്റെ വീടിന്റഎ ഒരു നില മുഴുവൻ വെള്ളത്തിലായി. അവനും അവന്റെ അമ്മയും ഒന്നും കഴിയാത്ത അവന്റെ മുത്തശ്ശിയും മുകളിലെ നിലയിലേക്ക് കയറി. അവിടെക്കും വെള്ളം കയറിയപ്പോൾ അവരെ രക്ഷാ പ്രവർത്തകർ കുട്ടി ദുരെയുള്ള ദുരിതാശ്വാസകേമ്പിലേക്ക് അവരെ മാറ്റി.

അവർ ദുരിതാശ്വാസ കേമ്പിൽകഴിയുമ്പോൾ അവിടടെ അവർക്ക് ഉടുതുണിക്ക് മറുതുണി ഇല്ലാത്ത അവസ്ഥയിലാണ്. അവർ അവിടെ ഒരു മാസത്തെ നീണ്ട നിൽപിനു ശേഷം സ്വന്തം വീട്ടിലെത്തിയപ്പോൾ കണ്ടത് ചെളിയാൽ മുങ്ങിക്കിടക്കുന്ന കാഴ്ചയാണ്. അവരുടെ വീടിന്റെ മുകൾ ഭാഗവും സാധനങ്ങളും ഒന്നും കാണാനില്ല. മഴ ഒന്ന കുറഞ്ഞതിനു ശേഷം അവർ അതൊക്കെ ഒന്നു വൃത്തിയാക്കി. എപ്പോഴത്തേക്കാളും ഒരു പാട് ഞെട്ടിക്കുന്ന

ഒരു മഴക്കാഴ്ചയായിരുന്നു ഇപ്രാവശ്യത്തേത്.

# മഴ കൊണ്ട് പോയ മധുരം

**വിഷ്ണു**

IX E

അന്ന് മഴ കെട്ടിയാടുന്ന ഒരു ദിവസമായിരുന്നു.വീട്ടിലെ ഏറ്റവും ഇളയ കുട്ടിയായിരുന്നു ഞാൻ.ഞങ്ങളുടെ വീട്ടിൽ അച്ഛനും,അമ്മയും,മുത്തശ്ശിയും എന്റെ രണ്ട് സഹോദരൻമാരും ഉണ്ടായിരുന്നു. ഞങ്ങളുടേത് സന്തോഷം നിറഞ്ഞ ഒരു കുടുംബമായിരുന്നു. ഞങ്ങളുടെ വീട് ഒരു വലിയ മലയുടെ നടുവിലായിരുന്നു.ഞാൻ വീട്ടിന്റെ ചുറ്റുമുള്ള മരങ്ങളുടെ മുകളിലും , തോടുകളിലും കളിക്കുമായിരുന്നു ഒരു ദിവസം വരവറിയിക്കാതെ ഒരു പേമാരിപെയ്തു .ഞങ്ങൾ എല്ലാവരും വീടിലുണ്ടായിരുന്നു പുറത്തിറങ്ങാൻ കഴിയാത്ത വിധം റോഡുകളെല്ലാം ചെളിനിറഞ്ഞ് മൂടിയിരുന്നു .വീടിന്റെ ഉള്ളിൽവരെ വെള്ളം കയറി. അന്ന് രാത്രി ഞങ്ങൾ ഉറങ്ങിയിരുന്നില്ല.

ഇന്ന് തിങ്കളാഴ്ച്ചയാണ് ,സ്ക്കൂളിൽ പോകണം.പക്ഷേ ഭക്ഷണം വരെ ഉണ്ടാക്കിയിട്ടില്ല . ഞങ്ങൾ വിശപ്പ് സഹിച്ച് ജീവനുവേണ്ടി പൊരുതി. ഒടുവിൽ ഞങ്ങൾ ജയിച്ചു. ഒരാഴച്ചത്തെ പരിശ്രമത്തിനു ശേഷം വീടുപഴയതു പോലെയായി. അതിനുശേഷം അച്ഛൻ പണിക്കാരെ വിളിച്ച്
മതിലു കെട്ടാൻ തുടങ്ങി. വെള്ളം കടക്കാത്ത വിധം .മഴക്കാലം തീർന്നു എന്ന് കരുതി ഞാൻ വിണ്ടും പഴയതു പോലെ തോട്ടിൽ കളിക്കാൻ പോയി.പെട്ടന്നാണ് ശക്തമായ ഒഴുക്ക് കൂടിയത്. എനിക്ക് നീന്താൻ അറിഞ്ഞിരുന്നില്ല. ഞാൻ വെള്ളത്തിൽ ഒലിച്ചു പോയി. ഒടുവിൽ കരയക്ക് എത്തി. ഞാൻ വീട്ടിലെത്തുബോൾ ഇരുട്ടായിരുന്നു. അമ്മയും അച്ഛനും ഏറെ വിഷമിച്ചിരുന്നു .വീടിന്റെ മുറ്റത്ത് മുട്ടോളം വെള്ളമുണ്ടായിരുന്നു. അച്ഛൻ എന്നെ കുറേ വഴക്കു പറഞ്ഞു മഴ നിന്നില്ല .

വീടിന്റെ രണ്ടു നിലകളും വെള്ളം കയറി .ഏറ്റവും മുകളിലെ നിലയിൽ ഞങ്ങൾ മഴയും
കൊണ്ട് നിന്നു .പെട്ടന്നാണ് ഒരു ശബ്ദം . അച്ഛൻ പറഞ്ഞു"ആരും പേടിക്കേണ്ട. അങ്ങ് ദൂരെ ഉരുൾപൊട്ടിയതാണ്" എല്ലാവരും ഭയം കൊണ്ട് ഒരു വകയായിരുന്നു.മുത്തശ്ശിക്ക് പനിയുണ്ടായിരുന്നു . ഒരു മണിക്കൂർ കഴിഞ്ഞപ്പോൾ അനങ്ങുന്നില്ല .മുത്തശ്ശിമരിച്ചിരുന്നു. പിറ്റേന്നു രാവിലെ ഞങ്ങളെ രക്ഷിക്കാൻ ഒരു തോണിയിൽ മത്സ്യതൊഴിലാളിക്കൾ വന്നു. അവർ ഞങ്ങൾക്ക് ഭക്ഷണം തന്നു. അവിടെ ഞങ്ങൾ സുരക്ഷിതരായിരുന്നു. മുത്തശ്ശിയിുടെ വേർപാടിൽ അമ്മ തളർന്നിരുന്നു . മഴയെല്ലാം കഴിഞ്ഞ് വീടിനടുത്ത് എത്തിയപ്പോൾ അവിടെ വീടുണ്ടായിരുന്നില്ല.മണ്ണുകൊണ്ട് വീട് മൂടിയിരുന്നു.

എന്തു ചെയ്യണം എന്നറിയാതെ അച്ഛൻ തളർന്നു പോയി .ഞങ്ങൾ അച്ഛന്റെ അനുജന്റെ വീട്ടിൽ പോയി അവിടെ താമസിച്ചു . ഇപ്പോൾ

പ്രകൃതിതന്നെ ഒരു പാഠം പഠിപ്പിച്ചു തന്നു. നമ്മൾ നമ്മളെ തന്നെയാണ് നശിപ്പിക്കുന്നത് എന്ന്. അങ്ങനെ ഒരു നാൾ സന്തോഷംനിറഞ്ഞിരുന്ന ജീവിതത്തിന്റെ മധുരം കൊണ്ടുപോയി.

## വിഷയം-രാജ്യം നേരിടുന്ന വെല്ലുവിളികൾ

### സ്നേഹ .പി .പി(10.I)

ഒഴുകിക്കൊണ്ടിരിക്കുന്ന പുരോഗതിയുടെ പാതയിലേക്ക് ഒഴുകിക്കൊണ്ടിരിക്കുന്ന ആധുനികലോകം.എന്നാൽ നമ്മുടെ ഈ പോക്ക് പുരോഗതിയിലേക്കുതന്നെയാണോ? കാലംകുതിച്ചുപായുന്നു.ഒരു നാണയത്തിന്റെ ഇരുവശങ്ങൾപോലെ ഒരുവശം ഉയർച്ചയിലേക്കും മറ്റൊരുവശം താഴ്ച അല്ലങ്കിൽഅതിന്റെ ദുരാവസ്ഥയിലേക്കും മറയുകയാണ്.നമ്മുടെ രാജ്യംപുരോഗതിയിലേക്ക് കുതിച്ചുനീങ്ങുന്നു.ആ പുരോഗതിക്കായ് രാജ്യം വെല്ലു വിളികളും നേരിടുന്നു. ഇന്ന് രാജ്യം ശുചിത്വത്തിലേക്ക് നീങ്ങിക്കൊണ്ടിരിക്കുന്നു. നാം സ്വപ്നം കാണുന്ന ആ സുന്ദരഭൂമി വീണ്ടും ഉദയം ചെയ്യാൻ പോവുകന്നു എന്ന അഭിമാനകരമായ സത്യത്തിലേക്ക് നാം വിരൽചൂണ്ടുന്നത് രാജ്യത്ത് ശുചിത്വത്തിന്റെ പുതുയുഗം സൃഷ്ടിക്കുന്ന 'സ്വച്ഛഭാരതം' പദ്ധതി 2014 ഗാന്ധിജയന്തിദിനത്തിൽ നമ്മുടെ പ്രധാനമന്ത്രി നടപ്പിലാക്കി.മഹാത്മഗാന്ധിയുടെ ആഗ്രഹങ്ങളിലൊന്നായിരുന്നു ശുചിത്വമുള്ള രാഷ്ട്രം.നഗരവത്കരണം,വ്യവസായവർധനവ്,ചുമതലാബോധമില്ലാത്ത നമ്മുടെ വലിച്ചെറിയൽ സംസ്കാരം ഇവയെല്ലാംനമ്മുടെ ഭൂമിയെ മലിനമാക്കുന്നു.ശുചിത്വമുണ്ടാവാൻ പ്രയത്നിക്കേണം.

നമ്മുടെ രാജ്യത്ത് ഇന്ന് പ്രകൃതിയും ചൂഷണത്തിനിടയാവുന്നു.മലകൾ നികത്തൽ,ജലാശയങ്ങളിലെ മണൽ വാരൽ,വയൽ നികത്തൽ മുതലായവ ഇന്ന് നമ്മുടെ രാജ്യത്ത് നടന്നുവരുന്നു.മണ്ണുണ്ടെങ്കിൽ മാത്രമേ മനുഷ്യരും ജീവജാലങ്ങളുമുണ്ടാകൂ എന്ന് വാക്കുകളിലും പുസ്തകങ്ങളിലും പോസ്റ്റർ വാക്യങ്ങളിലും മാത്രമാണ് ഒതുങ്ങുന്നത് എന്നത് ഞെട്ടിപ്പിക്കുന്ന ഒരു സത്യമാണ്. 'ഫലഭൂയിഷ്ഠിയാകുന്ന മരങ്ങളുടെയും ഇലപൊഴിയും സസ്യങ്ങളുടെയും നടുവിൽ ചേറിലും മണ്ണിലും പുല്ലിലുമായി ഞാനെന്റെ ഹൃദയ മുഴുവനായ് ചൊരിഞ്ഞു.മണ്ണിൽ പിച്ചവച്ചു നടക്കുകയും അവസാനം മണ്ണിൽ തന്നെ തലചായ്ക്കുന്നവരുടെയും ചങ്ങാതിയാണു ഞാൻ' എന്നാണ് മഹാകവി

ടാഗോർ പറഞ്ഞത്. ഉയരങ്ങളിലേക്കുള്ള കുതിച്ചുകയറ്റത്തിനൊടുവിൽ ഒരിറക്കമുണ്ടാകുമോ? ദൈവത്തെ പൂജിക്കുന്നതുപോലെ മണ്ണിനെയും പൂജിക്കണമെന്നുള്ള കാര്യം ഏവരും മറന്നു.മഴയോടും പുഴയോടും കൈകോർത്തു കളിക്കുകയും മണ്ണപ്പംചുട്ടുകളിക്കുകയും , പൂർവികരുടെ സ്വർഗഭൂമി,ഇന്നത് അവിശ്വസനീയമായ സത്യം മാത്രം.

ഇന്ന് നമ്മുടെ രാജ്യം പുരോഗതി കൈവരിക്കുന്നു. ശാസ്ത്രസാങ്കേതികരംഗത്ത് അധികമായും മംഗലയാനെന്ന പരീക്ഷണം നമ്മുടെ രാജ്യം നടത്തി. അങ്ങനെ പുരോഗതിയിലേക്ക്. ഇന്ന് ഇന്ത്യയിൽ പലർക്കും വിദ്യാഭ്യാസമില്ല.എന്തുകൊണ്ടില്ല. എല്ലാ കുരുന്നുകൾക്കും വിദ്യാഭ്യാസം ലഭിക്കണം. അവരും ഉയരണം മിടുക്കരായി. അതിനുള്ള സാഹചര്യം ഒരുക്കാൻ കഴിയണം ഏവർക്കും. വായന എന്നത് കുറഞ്ഞുവരുന്നു. മനുഷ്യനിലെ അറിവും.വായന മനുഷ്യനെ പൂർണനാക്കുന്നു എന്നാണ് പറയുന്നത്. വിദ്യാലയങ്ങളിലെല്ലാം മികച്ച ഒരു ലൈബ്രറി ഉണ്ടായിരിക്കണം.അസംബ്ലിയിൽ പുസ്തകം പരിചയപ്പെടുത്തണം. അങ്ങനെ വായനയ്ക്ക് വേണ്ട വളവും വെള്ളവും നൽകി വായനയെ പരിപോഷിപ്പിക്കണം. ഇനിയും ഉയരണം അതിലൂടെ നമ്മുടെ രാജ്യം.

ഇന്ന് പലയിടങ്ങളിലും ബാലവേല എന്ന ക്രൂരകൃത്യം നടന്നുവരുന്നു. സർക്കാർ നിരോധിച്ച ആ ശിക്ഷ പിന്നെയും എങ്ങനെയാണ് നടക്കുന്നത്. എന്തുകൊണ്ട് അത് നിർത്തലാക്കാൻ സാധിക്കുന്നില്ല? ഹോട്ടലിലും ഫാക്ടറിയിലും പടക്കക്കമ്പനികളിലും ബാലവേല എന്നതുഇരെ ക്രൂരമായി നടക്കുന്നു. ദൈവം മനുഷ്യരിലുള്ള വിശ്വാസം അസ്തമിച്ചിട്ടില്ല എന്നതിനു തെളിവായാണ് ഓരോ കുഞ്ഞിനെയും ഭൂമിയിലേക്കയയ്ക്കുന്നത്. അവരെ മികച്ചമനുഷ്യരായി വളർത്തേണ്ടത് നാമാണ്. കുട്ടികളെക്കൊണ്ട് ജോലിചെയ്യിക്കാതെ അത് നിർത്തലാക്കി അവരെ സുഖത്തോടെ ജീവിക്കാനനുവദിക്കണം.എല്ലാവെല്ലുവിളിയെയും അസ്തമിപ്പിക്കാൻ നമ്മുടെ രാജ്യത്തിന് കഴിയണം. വെല്ലുവിളിയെ അതിജീവിച്ച് പുരോഗതിക്കായ് പ്രവർത്തിക്കണം.

'ലോകത്തിലെ 145 കോടി ജനങ്ങൾക്കും അവരുടേതായ തന്റേടവും മനശക്തിയുമുണ്ട്. നൈരാശ്യം വെടിഞ്ഞ് രാജ്യത്തിന്റെ പുരോഗതിക്കായ് പ്രവർത്തിക്കുക എന്നതാണ്പ്രധാനമന്ത്രി നരേന്ദ്രമോദി ആഹ്വാനം ചെയ്തിട്ടുള്ളത്. കരുത്തുറ്റ ഒരു സാരഥിയെയാണ് നമുക്ക് ലഭിച്ചത്. അത് എല്ലാതലത്തിലേക്കും എത്തിക്കുകയും എല്ലാ കരുത്തോടോ നടപ്പിലാ

ക്കുകയും നിർത്തേണ്ടത് നിർത്തലാക്കുകയുംവേണം. ഇന്ത്യ എന്നും ഭീകരാക്രമണത്തെ തടുത്തുകൊണ്ടിരിക്കുന്നു. രാജ്യത്തെ കാക്കുന്ന സൈനികരെ നാം നമിക്കേണം.

നാമിവിടെ സന്തോഷിച്ച് സ്വാതന്ത്രം ദുരുപയോഗം ചെയ്യുമ്പോൾ നമ്മെ കാക്കുന്ന ധീരസൈനികർക്ക് വേണ്ടി നാം പ്രാർഥിക്കണം. ഓരോ ഭികരരോടും പൊരുതുന്നതുപോലെ എല്ലാത്തനെയും പൊരുതി നേടുകയും നശിപ്പിക്കുകയും വേണം.

അങ്ങനെ വെല്ലുവിളിയെ നേരിട്ട് രാജ്യത്തെ പുത്തൻ പുരോഗതിയിലേക്ക് നയിക്കാൻ ഇനിയും ശ്രമിക്കണം. അങ്ങനെ ശ്രമിച്ച് നേടാനും കഴിയട്ടെ. രാജ്യത്തെ പുത്തൻ പുരോഗതിയിലേക്ക് നയിക്കട്ടെ.

# മഴയുടെ കുരുതി

രാത്രിയുടെ വരവറിയിച്ച് കുറുക്കൻമാർ തങ്ങളും സ്ഥിരം കലാപ
രിപാടി തുടങ്ങി. എന്നുപറഞ്ഞാൽ കുറുക്കൻമാർ ഓരിയിടാൻ തുടങ്ങിയെ
ന്ന് വാസ്തവം.പെട്ടെന്ന് അവർ തങ്ങളുടെ ഓരിയിടൽ അവസാനിപ്പിച്ചു.
സദാനന്തൻ അപ്പോൾ തന്റെ വീടിന്റെ ഉമ്മറത്തിണ്ണയിൽ ഇരിക്കുകയാ
യിരുന്നു. അയാളുടെ മകൻ ഒരു പായ്ക്കറ്റ് ചിപ്സും കൈയ്യിൽ പിടിച്ച്
സദാന

ന്തന്റെ മടിയിലിരിക്കുന്നുണ്ട്. പെട്ടെന്ന് സദാനന്തന്റെ കവിളിൽ
ഉമ്മവച്ച് ഒരു കാറ്റ് കടന്നുപോയി. ആ കാറ്റിന്റെ തണുപ്പ് എപ്പോഴും
ഉള്ളതിനേക്കാ

ൾ കുറച്ചധികമായിരുന്നു. ചിരിച്ച് കളിച്ചിരിക്കുന്ന അയാളുടെ മകന്റെ മുഖ
ത്ത് എന്തെന്നില്ലാത്ത ഭയം തെളിഞ്ഞുവന്നു. കാർമേഘം ചന്ദ്രനെ
ആഹരി

ക്കാൻ തുടങ്ങി. മഴത്തുള്ളികൾ കല്ല് വീഴുന്നതുപോലെ അവരുടെ ചെറിയ
ഓലമേഞ്ഞ കുടിലിന് മുകളിൽ പതിക്കാൻ തുടങ്ങി. സദാനന്തനും
മകനും മുറ്റത്തേക്കിറങ്ങി. സന്തോഷത്തോടെ മഴയിൽ കളിച്ചു. രാത്രി
അവർ ഉറ

ങ്ങാൻ ഒരു പായയിൽ കിടന്നു.അപ്പോഴും ആമകന്റെ മുഖത്ത് മഴ
നനഞ്ഞ സന്തോഷമായിരുന്നു. എന്നാൽ ആ സന്തോഷം കുറച്ച് സമയം
മാത്രമാ

യി ചുരുങ്ങി. ഓലമേഞ്ഞവീടായതിനാൽ അവരുടെ മുഖത്ത് വെള്ളം വീ
ണുകൊണ്ടിരുന്നു. മഴ തന്റെ പൂർണ്ണശക്തിയുമെടുത്ത് ഉഗ്രതാണ്ഡവം ആടട

ന്ന സമയങ്ങൾ. ആ സന്തോഷം ചുരുങ്ങി കണ്ണീരിൽ അവസാനിച്ചു.അവരുടെ ആ ദരിദ്ര വീട് ആടിയുലഞ്ഞു. അത് തകർന്നു വീണു. സദാനന്തൻ മകനുമായി അടുത്തുള്ള ചായക്കടയിലേക്കോടി. മഴചോർന്നില്ല. അവർ ചായക്കടയുടെ തിണ്ണയിൽ കിടന്നുറങ്ങി.

രാവിലെ എഴുന്നേറ്റപ്പോൾ ആ നാടുമുഴുവൻ ജലം കൊണ്ടമ്മാനമാടുന്ന മേഘങ്ങളെയാണ് അയാൾ കണ്ടത്. അച്ഛാ ഇ തെന്താണ് സംഭവിക്കുന്നത് എന്ന ചോദ്യത്തിന് ഉത്തരം പറയാൻ പോലുമാവാതെ സദാനന്തൻ അസ്തപ്രജ്ഞനായി നിന്നു. ജലത്തിന്റെ അളവ് കൂടിക്കൂടി വന്നു. അവർ അടുത്തുണ്ടായിരുന്ന ഒരു കാറ്റ് നിറച്ച ട്യൂബിൽ കയറി ഒരാളുടെ പൊക്കത്തിലുണ്ടായിരുന്ന വെള്ളത്തിലൂടെ അടുത്തുള്ള സ്കൂളിലെത്തി. അവിടെ കണ്ടത് ഒരു ഭീമാകാരമായ കാഴ്ചയായിരുന്നു. ആ നാട്ടിലുള്ള ആളുക ളെല്ലാം അവിടെ സന്നിഹിതരാണ്. സ്കൂളുകളാണ് ഇപ്പോഴവരുടെ ആശ്രയ കേന്ദ്രം. വെള്ളമില്ലാത്ത ഒരിടം പോലും അവിടെ ഉണ്ടായിരുന്നില്ല. നാലാഴ്ചകൾ സദാനന്തന്റെ ജീവിതം മാറ്റിമറിച്ച ആഴ്ചകളായി മാറി. അഭയാർഥികളായി സ്കൂളിലെത്തിയിട്ട് പതിനഞ്ച് രാവുകൾ കഴിഞ്ഞു. സർക്കാരും മറ്റ് പലനാട്ടിലെ ആളുകളും ചേർന്ന് നൽകിയ നിത്യോപയോഗവസ്തുക്കളും ഭക്ഷണവുമായിരുന്നു അവരുടെ പ്രതീക്ഷ. സദാനന്തന്റെ മകന് പനിവന്നത് വളരെ അപ്രതീക്ഷിതമായിട്ടായിരുന്നു. പനിപിടിച്ച് എഴുന്നേറ്റ് നിൽക്കാൻ പോലും ആവാത്ത ദിവസങ്ങൾ. രോഗശമനത്തിനായി ഗുളികകളില്ലാത്ത എട്ട് ദിവസങ്ങൾ. സദാനന്തൻ തന്റെ മകന് കുടിക്കാനായി ഗുളികകൾക്കായി നെട്ടോട്ടം ആരംഭിച്ചു. എന്നാൽ അയാളുടെ പരിശ്രമം വ്യർത്ഥമായി. ഒരിക്കൽ അയാൾ ഗുളികകൾക്കായി അടുത്തുള്ള ഒരു ക്യാംബിലെത്തിയതായിരുന്നു. ഗുളികകൾ കിട്ടാതെ നിരാശനായി മടങ്ങുകയായിരുന്ന അയാൾക്ക്

ലഭിച്ചത് തോരാത്ത മഴയുടെ തോരാത്ത കണ്ണീർ ആയിരുന്നു. തന്റെ മകൻ മരിച്ചു. അയാളുടെ ഹൃദയം പൊട്ടുന്നതുപോലെ തോന്നി. എന്നാൽ നാട്ടുകാരും രക്ഷാപ്രവർത്തകരും ഹിന്ദുവും മുസൽമാനും ക്രിസ്ത്യ നും ഒന്നിച്ചു. മഴ ശമിച്ചു. മഴയുടെ പ്രളയത്തിലെ ആർത്തി അവസാനിച്ചു. വെള്ളം അവസാനിച്ചു. എന്നാൽ സദാനന്തന്റെ കണ്ണീർ തോർന്നില്ല. അ യാൾ ആ സ്കൂളിന്റെ മേൽക്കൂരയിലെ ഒരു പലകയിൽ ജീവൻ അവസാനിപ്പിച്ചു. അയാൾ തൂങ്ങിമരിക്കാൻ വേണ്ടി കയറിയ മേശയിൽ ഒരു ആത്മഹത്യ കുറിപ്പുമുണ്ടായിരുന്നു. മഴമാത്രമേ തോർന്നിട്ടുള്ളൂ എന്റെ മനസ്സിലെ തീരാവേദന ഇനിയും തോർന്നിട്ടില്ല.

സിദ്ധാർത്ഥ്.കെ.പി
9 G

## പ്രളയം നമ്മെ പഠിപ്പിച്ചത്

**മുഹമ്മദ് ഷമൽ** 10 E

കേരളം കലകളാൽ സമൃദ്ധമായ നാടാണ്.ഗോഡ്സ് ഓൺ കൺട്രി എന്ന് വിശേഷിപ്പിക്കുന്ന കേരളം വിദേശികൾക്ക് ഏ
റെ പ്രിയപ്പെട്ടതാണ്. 'പ്രളയം'എന്ന വാക്ക് നാശത്തെയാണ് സൂചിപ്പിക്കുന്നത്. പണ്ടുകാലങ്ങളിൽ കേരളം കുന്നും,മലകളും,മനോഹരമായ പുഴകളും, കടലും,വൃക്ഷങ്ങളും നിറഞ്ഞ പച്ചപ്പാണ്. 'കേരളം' എന്നാൽ കേരങ്ങളുടെ നാടാണ്. നിറയെ തെങ്ങുകളും,പ്ലാവുകളും മറ്റു വൃക്ഷങ്ങളും സ്ഥിതിചെയ്യുന്നു. കേരളത്തിന്റെ സംസ്കാരം എന്നത് മലയാളമാണ്.കേരളീയരുടെ 'കൾട്ടിവേഷൻ' എന്നുപറയുന്നത് 'ട്രീ' ആണ്. ആൾവാളം കൂടതലുള്ള കേരളം ഏവർക്കും പ്രിയപ്പെട്ടതാണ്.

പക്ഷെ ഇന്നത്തെ കേരളം എന്നുപറയുന്നത് മലകൾഇടിച്ചും,കുന്നുകൾ ഇടിച്ചും,മരങ്ങൾ മുറിച്ചും പുഴകളും കുളങ്ങളും വറ്റിച്ച് വലിയ വലിയ ബിൽഡിങ്ങുകളും വീടുകളും നെിരഞ്ഞുനിൽക്കുന്നു. 'കേരള'മെന്ന വാക്കിലൊതുങ്ങുന്ന കേരങ്ങൾ ഇപ്പോൾ അപൂർവ്വമാണ്. കാരണം പ്രകൃതിയെ ഇല്ലാണ്ടാക്കുന്നു ഇപ്പോഴത്തെ ജനത.ഒരു നേരത്തെ ആഹരത്തിന് സാധനം വേറെ സ്ഥലത്തുനിന്നും വാങ്ങണം. പണ്ടത്തെ ഒരു പഴഞ്ചൊല്ലുണ്ട്"മൂത്തവർ വാക്കും മുതുനെല്ലിക്കേം ആദ്യം കയക്കും

പിന്നെ മധുരിക്കും". മൂത്തവർ പറയും ഇപ്പോഴത്തെ ജനത പ്രകൃതിയെ വേദനപ്പിച്ചാൽ അവ നമ്മെ നശി പ്പിക്കും. ഇത് പഴഞ്ചൊല്ലിന് അനുയോജ്യമാണ്. കാരണം പറ ഞ്ഞ് പറഞ്ഞ് തഴച്ചിട്ടും കേൾക്കാത്ത ഇപ്പോഴത്തെ ജനതയെ മധുരമാകുന്ന പ്രകൃതി ഭൂകംബങ്ങളും,കടൽക്ഷോഭങ്ങളായും, ചുഴലിക്കാറ്റായും നശിപ്പിക്കും. ഇതില് ഉദാഹരണമാണ് മധ്യകേരളത്തിലുണ്ടായ പ്രളയം.

'പ്രളയം' എന്നത്കൊണ്ട് ഉദ്ദേശിക്കുന്ന നാശം മുഴുവൻ കേരളീയർ അനുഭവിച്ചു. ശക്തമായ മഴയും, ഉരുൾപൊട്ടലും, കാറ്റു മൊക്കെ ഉണ്ടായി നൂറിലധികം ആളുകളുടെ ജീവൻ എടുത്തു. ഇതി ന് ഉത്തരവാദിയായത് പ്രകൃതിയല്ല മനുഷ്യർതന്നെ,അവരാണ് ഇതിനുമുഴുവൻ ഉത്തരവാദി. പ്രളയം വന്ന് കേരളത്തിൽ കോടിക്കണക്കിന് നാശമാണ് ഉണ്ടായത്. ഒന്നോ രണ്ടോ ആഴ്ചകൊണ്ടതീരേണ്ടതായമഴയുംകറ്റു,വെള്ളപ്പൊക്കവുംഏകദേശം മൂന്നര ആഴ്ചയിലധികം എടുത്തു. എന്നാൽ ഈ പ്രളയസമയത്ത്കുറേ സംഭവങ്ങൾ നടന്നു. ആളുകളെരക്ഷിക്കുന്നസമയത്ത് പണത്തിനോട് ആർത്തിയുള്ള ചില ആളുകൾ വീട്ടിൽനിന്നും പണവും മറ്റും മോഷ്ടിച്ചു. ഈ ഉപദ്രവകാരികളായ മനുഷ്യർ കാരണം പാവപ്പെട്ട മനുഷ്യരും ,മൃഗങ്ങളും, പക്ഷികളും ഇത് അനുഭവിച്ചു.പ്രളയത്തിന് ശേഷം ക്യാ മ്പുകളിലേക്ക് സംഭാവന എന്നുപറഞ്ഞിട്ട് പണം വാങ്ങി അത് അവിടെ എത്തിക്കാത്ത ചില ആളുകളും ഉണ്ട്.എല്ലാവർക്കുംകേരളീയരോട് ഒരു മതിപ്പ് ഉണ്ടായിരുന്നു.ഇപ്പോൾ അത് കുറയുന്നു. ഇതിനും ഉത്തരവാദിയായത് മനുഷ്യർ. പരോപകാരികളായ മനുഷ്യർക്ക് ഒടുവിൽ പ്രകൃതിയെ ഇഷ്ടപ്പെടുന്ന ചില ആളുകളുമുണ്ട്. ആ ആ

ളുകൾ എന്നു വിശേഷിപ്പിക്കാവുന്നത് മത്സ്യത്തൊഴിലാളികളെ ആണ്. അവരാണ് പ്രളയം വരുത്തിവച്ച നാശങ്ങളിൽ നിന്നും നമ്മെ രക്ഷിച്ചത്.ഇങ്ങനെ ഉള്ളവരെയാണ് ഒരു നാടിനും, രാജ്യ ത്തിനും, ഭൂമിയ്ക്കും വേണ്ടത്.ഒരു മനുഷ്യൻ നന്നായാൽ അയാളുടെ വീട് നന്നാകും,നാട് നന്നാകും, അയാളുടെ സംസ്ഥാനം നന്നാകും, രാജ്യം നന്നാകും,ഭൂമിയും നന്നാകും.കൂടിവന്നാൽ ഇന അഞ്ചോ പ ത്തോ വർഷമേ മനുഷ്യവാസം ഭൂമിയിലുണ്ടാകൂ. ഇങ്ങനെയാണെ ങ്കിൽ ഭൂമിക്ക് ഏതെങ്കിലും തരത്തിൽ നാശം ഉണ്ടാവാൻ സാധ്യത
യുണ്ട്.ഒരിക്കലും നാശമൊന്നും സംഭവിക്കില്ല എന്ന് ഉറപ്പുള്ള കേര ളമാണ് ഇപ്പോൾ ഒരു വലിയ ദുരന്തത്തിന് ഇരയായത്. കേരളം എന്നാൽ കേരങ്ങൾ.ഇപ്പോൾ കേരളത്തിൽ നോക്കിയാൽ വളരെ അപൂർവ്വം.ജന്തുക്കൾ എന്ന് വിശേഷിപ്പിക്കേണ്ടത് സത്യം പറ ഞ്ഞാൽ മൃഗങ്ങളെയല്ല മനുഷ്യരെയാണ്. ഇപ്പോഴത്തെ മനുഷ്യർ
ക്ക് മൃഗങ്ങളുടെ അത്ര ബുദ്ധിപോലും ഇല്ല. പ്രകൃതിയുടെ നാശം എ ന്ന് പറയുന്നത് വിഡ്ഢികളായ മനുഷ്യർ മാത്രമല്ല.അവരുണ്ടാക്കുന്ന പ്ലാസ്റ്റിക്കുകളാണ്. ഇനിയെങ്കിലും വലിയ നാശത്തിൽ നിന്നും നാം രക്ഷപ്പെടാൻ ശ്രമിക്കുക. മലകളും,പാടങ്ങളും, കാടുകളും, കുള ങ്ങളും, പുഴകളും കാത്തു രക്ഷിക്കാം.

## കാഴ്ച്ചയുടെ അന്ധത

അന്ന് തോരാതെ മഴ പെയ്തിരുന്നു. ആകെ തണുത്ത് വിറച്ച് താരമോൾ പുതപ്പിൻെറ കീഴിൽ അങ്ങനെ കിടന്നു.അമ്മെ... "ഈ ഇടി എങ്ങനാ വരുന്നേ"?."അതൊക്കെ പ്രകൃതിയുടെ ഓരോ കുസൃതികളാ മോളെ" അമ്മ അത്രമാത്രം പറഞ്ഞു.പുറത്ത് പകൽവെളിച്ചം പോലെ എന്തൊ മിന്നിമറയുന്നതുപോലെ അവൾക്ക് തോന്നി.അപ്പോൾ പേടികൊണ്ടാണൊ അഛനോടും അമ്മയോടുമുള്ള അതിയായ സ്നേഹംകൊണ്ടാണോ എന്നറിയില്ല,അവൾ അമ്മയോട് ചേർന്ന് കിടന്നു.

അങ്ങനെ കിടന്നുറങ്ങി.രാവിലെ അപ്പുവിൻെറ വിളികേട്ടാണ് താര ഉണർന്നത്. താര ചേച്ചീ... അപ്പുറത്തെ അമ്മായീൻെറ വീട്ടിലെ അലമാരയിൽനിനക്ക് ഇഷ്ടമുള്ള ഒരു സൂത്രമുണ്ട്.എന്ത് സൂത്രം? താര ആകാംക്ഷയോടെ ചോദിച്ചു.അങ്ങനെ എന്തോ കട്ടെടുക്കാനുള്ള ഭാവത്തിൽ അപ്പു വീട്ടിൽ കയറി.അമ്മായി അവനെ കൈയ്യോടെ പിടിച്ചു.

അയൽക്കാരെല്ലാം അവിടെയെത്തി.ഒടുവിൽ താര സത്യം പറഞ്ഞു.എനിക്കുവേണ്ടി അമ്മായീൻെറ മാല എടുക്കാനാ അപ്പു... ഇത്രയും പറഞ്ഞതും എല്ലാവരുടേയും കണ്ണ് താരയിലേക്കായി. അവളെ ഒന്ന് പേടിപ്പിക്കാനായി ഒരു വടിയെടുത്ത് ചെറുതായി ഒന്നു

തല്ലി.ഒരുപാട് വിഷമം മനസിലൊതുക്കി  അവൾ ആരും കാണാതെ ഒരു

ലോറിയിൽ കയറിയിരുന്നു.അപ്പോഴും മഴ

തകർക്കുന്നുണ്ടായിരുന്നു.ഇരുട്ട്

പടരുന്നതും നോക്കി അവൾ ഉറക്കത്തിലാണ്ടുപോയി.

ഉറക്കത്തിൽ  നിന്ന് അവൾ ഞെട്ടിയുണറന്നു.വേറെ ഏതോ സ്ഥലം, ആരാ എന്താ എന്നൊന്നും മനസ്സിലാവുന്നില്ല.ലോറിയുടെ ഡ്രൈവർ രാജപ്പേട്ടൻ പതിയെവന്ന്  എന്നെയൊന്ന്  നോക്കി.ഞാൻ അലറി വിളിച്ചു.അയാൾ അവളെ  എടുത്ത് എവിടെയോ കൊണ്ടുപോയി.ഞാൻ അലറിക്കരഞ്ഞു.അങ്ങനെ ആ രാത്രി കരഞ്ഞ് ക്ഷീണിച്ചതിനാൽ ഉറങ്ങിപ്പോയി.പെട്ടന്ന് അവൾ ഞെട്ടി ഉണർന്നു.കൂരാക്കൂരിരുട്ട്.മഴയുടെ ആരവം അവളുടെ കാതിൽ മുഴങ്ങുന്നുണ്ടായിരുന്നു.മഴയും ഇടിയും വെട്ടി,പക്ഷേ എന്തേ ഇടിമിന്നൽ കാണാത്തു? .ഒരു ഭീകരമായ മഴ.അവൾ അവളുടെ കുഞ്ഞിക്കണ്ണുകൾ തിരുമ്മിനോക്കി.പിന്നീട് അവൾ ശബ്ദങ്ങൾ കേട്ടു പേടിച്ചുവിറച്ചു. ഇടി പൊട്ടുന്നുണ്ട്.തപ്പിത്തടഞ്ഞ് അവൾ ജനാലയുടെ അരികിൽവന്ന് കൈയ്യൊന്ന് നീട്ടി.മഴത്തുള്ളികൾ അവളുടെ

കൈയ്യില വന്ന് പതിഞ്ഞു.ഇനിയും നേരം വെളുത്തില്ലേ? അവൾ ചിന്തിച്ചു. പിന്നീട് ദു:ഖപൂർവ്വം അവൾ മനസിലാക്കി ,തനിക്ക് ഇനി ഒന്നും കാണാൻ സാധിക്കില്ല.ഞാനൊരു അന്ധയാണ്.ഇനി ഈ മഴയെ ഞാൻ കാണില്ല.ഇടിയുടെ വേഗത കൂടി. അവൾ ചെവി

പൊത്തിക്കിടന്നു.

അങ്ങനെ വർഷങ്ങൾ കടന്നുപൊയി.ഇരുട്ടിൻെറ ലൊകത്തായിരുന്നു അവളുടെ ജീവിതം.ഒരു കടൽത്തീരത്തുചെന്ന് അവൾ

നിന്നു.ആരുടെയൊക്കെയൊ കൂടെയുള്ള ജീവിതം. തിരമാലകളുടെ ശബ്ദം കേട്ട് അവൾ അവിടെയിരുന്നു.അപ്പൊൾ പരിചയമുള്ള ഒരു സ്വരം.ഞങ്ങടെ താരമൊളല്ലേ? എന്തൊ എവിടുന്നൊ പൊട്ടി വന്നൊരു സന്തോഷം. അത് അപ്പുക്കുട്ടനായിരുന്നു.അവൻ എന്നെ കൊണ്ടുപോയി, എൻെറ വീട്ടിലേക്ക്.എനിക്കും പ്രായം അധികം ആയിരുന്നു.അപ്പൻ ഇനിയില്ല.അന്ന് രാത്രി ഞാൻ അമ്മയോട് പറ്റിച്ചേർന്ന് കിടന്നു. അന്ന് മഴയുണ്ടായിരുന്നു.പക്ഷേ അത് ഒരു സുഖമുള്ള മഴയായിരുന്നു. കാഴ്ച്ചയില്ലെങ്കിലും ഒരു പ്രകാശം വിരിയിപ്പിച്ച മഴ.

അക്ഷ പ്രവീൺ10 E

## മഴയുണ്ടാക്കിയ നാശം

വെയിൽ വന്നു കാറ്റുവന്നു മഴവന്നു
ചെറുകുടിലുകളിൽവാഴുന്ന മനുഷ്യരെ -
മാറ്റിക്കൊണ്ടാമഴ വന്നു.
പുഴയിൽ ഒഴുകുന്ന ശുദ്ധജലം അശുദ്ധമാക്കി
ക്കൊണ്ടാമഴ വന്നു.
പാടുന്ന കുയിലിന്റെ സ്വരങ്ങൾഇടറി
പക്ഷികൾ സന്തോഷത്തോടെ പാറി നടക്കുന്ന,
ആകാശം കണ്ണീർ കടലായി.
ആകാശത്തെ കൊച്ചുമേഘങ്ങൾ കാർമേഘമായി
മനുഷ്യന്റെ അധ്വാനം ഒലിച്ചുപോയി.

പുഴയിൽ കുതിക്കും മീനുകളില്ല
എങ്ങും കണ്ണീർകടൽമാത്രം
മനുഷ്യന്റെ  രക്തം കലർന്ന ആ മഴ,
ഇനി ഉണ്ടാവരുതെന്നു പ്രാർത്ഥിക്കുന്നു
**ഓരോമനുഷ്യരും.**

## മഴ ചൊരിഞ്ഞ ജീവനുകൾ



മഴവെള്ളം ചൊരിഞ്ഞ ജീവനുകൾ
നിണ പോലെ ഒഴുകുന്നു ദൂരെ ദൂരെ
പ്രിയമാം മനസ്സുകളെ പിരിഞ്ഞ്
ദൂരെ ദൂരെ അകന്നുപോകെ
മഴതൻ ഇരമ്പൽ മനുഷ്യൻതൻ
അലർച്ചയ്ക്കു സാമ്യം
ഒഴുകുന്ന വെള്ളത്തിൽ എത്ര
ജീവൻ പൊഴിഞ്ഞുപോയി
മഴയിൽ അലിഞ്ഞു ചേരുന്ന
ജീവൻ നിലവിളികൾ മാത്രം
ആ ജീവൻ എന്തു വില നൽകണം
നാമിനി ആ ജീവനെ തിരിച്ചെടുക്കാൻ
ചോരതൻ ഗന്ധം വീണ്ടും
ഒഴുകുന്ന നിശ്ചലമാം നദിയുടെ
ഭീതിയിലാക്കിയ വീടുകളിനുള്ളിൽ
എത്ര ജീവൻ ചോര മങ്ങി നിലച്ചു
എല്ലാം നിലച്ചു ഇനി പച്ചയാം
കേരളത്തിൻ ജീവൻ മാത്രം

നാഗത്തെ പ്പോലെ ജലം വിഴുങ്ങി
കേരളത്തിൻ മധ്യ ജില്ലകളെ
മുള ചീന്തുന്ന പോലെ
കരയുന്നു ജനങ്ങൾ
ഇനിയെന്തു ചെയ്യും നാമിനി
കേരളത്തെ പുനർനിർമിക്കാൻ
ചോര പോലെ വീണ്ടും ഗന്ധം
പകർത്തി ജലം വീണ്ടും വീണ്ടും മുന്നോട്ടേക്ക്
ജലമൊഴുകുന്ന വീണ്ടും ക്രോധമുയർത്തി.......

*പാഠം 1; ഓർമകൾ*

'ദൈവത്തിന്റെ സ്വന്തം നാട് ' എന്ന പദം വിദേശരാജ്യങ്ങൾ വരെ കീഴടക്കിയതാണ്.എന്നാൽ ഇന്ന് 'ദൈവത്തിന്റെ സ്വന്തം നാട് '  'ചെകുത്താൻമാരുടെ നാട് 'എന്ന പേരിലാണ് പ്രസിദ്ധമായികിക്കുന്നത്.ആരാണീ ചെകുത്താൻ? അത്ഞാൻ മാത്രമല്ല നീയും കൂടിയാണ്__

ഈയടുത്ത് വിദേശപത്ര-മാധ്യമങ്ങളിൽ വരെ ശ്രദ്ധനേടിയവിഷയമായിരുന്നു.പ്രതികരിക്കില്ലെന്നുകരുതി ക്രൂരതയുടെ ഗർത്തത്തിലേക്ക് മനപ്പൂർവം നാം ഓരോരുത്തരും തള്ളിയട്ടു.എന്തിനുവേണ്ടി.........?ആർക്കുവേണ്ടി.....? ഒരേയൊരുത്തരം മാത്രം 'എനിക്കുവേണ്ടി' മനുഷ്യസ്വാർത്ഥയുടെ ഏറ്റവും വലിയ ഉദാഹരണമാണ് ഈയൊരുത്തരം. ഈ പ്രളയം നമ്മെ പഠിപ്പിച്ചതെന്ത് എന്ന ചോദ്യത്തിന് ഉത്തരമായി എങ്ങും മൗനം  മാത്രം. എങ്കിലും,ജാതി-മത-വർഗവിവേചനത്തിന് ഒരു തിരിച്ചടിയായി ദുരിതാശ്വാസക്യാമ്പുകളിൽ പോലും ഒരു പാത്രത്തിലുണ്ട്-ഉറങ്ങുന്നവർ. കൊടും ദുരിതത്തിൽ പോലും

ഇത്തിരി സന്തോഷം കണ്ടെത്താൻ ആഗ്രഹിക്കുന്നവർ.പ്രചീന കാലങ്ങളിൽ പോലും കേരളത്തിൽ അഗ്നിപർവ്വതങ്ങളും,സമുദ്രങ്ങളും കാറ്റും മഴയും തിരമാലയും എല്ലാമുണ്ടായിരുന്നു.എല്ലാ മനുഷ്യരെയും മുഴവൻ എനിക്ക്അടട്ടാക്ഷേപിക്കാൻ കഴിയില്ല. എന്നാൽ ഇന്ന് ചിലരെങ്കിലും സ്വന്തം മാതാവിന്റെ നെഞ്ചുനിളർത്തി രക്തം ഊറ്റിക്കുടിക്കുന്ന രക്തരാക്ഷസുകളായി മാറിയിരിക്കുന്ന സത്യം ഉത്കണ്ഠാപൂർവം സ്വീകരിച്ചേ പറ്റൂ.ഉള്ളൂരും ആശാനും പാടിപുകഴ്ത്തിയ നാടേതേ ഇന്ന് മാറിപ്പോയത്.

കാത്തിരിക്കുന്നു ഞാൻ ആ നല്ല നാളിന്റെ ആഗമനത്തിനായി മൂകനായി....

എന്നാൽ,കവി മടുത്തുപോയിരിക്കും കാത്തിരുന്ന്,കാത്തിരുന്ന് പാവം കവി അറിഞ്ഞില്ലല്ലോ ആ നാളുകൾ ചിതാസ്മരണകളാണെന്ന നഗ്നസത്യം. ഈ പ്രളയം കഴിഞ്ഞില്ലെങ്കിലും മനുഷ്യൻ നന്നാവുമെന്നാണ് ഞാൻ കരുതിയത് . എന്നാൽ 'പട്ടീടെ വാൽ പന്തീരാണ്ടു കൊല്ലം കുഴലിലിട്ടാലും അത് നിവരില്ല' എന്നാണല്ലോ പഴമൊഴി.

താൻ-താൻ നിരന്തരം ചെയ്യുന്ന കർമങ്ങൾ താൻ താൻ അനുഭവിച്ചിടുകെന്നേ നരു എന്ന വരികളാണ് മനുഷ്യന്റെ ഈ അവസ്ഥയിൽ ഏറ്റവും ഉത്തമം ഈഫൽ ഗോപുരം പോലെയുള്ള ഫ്ളാറ്റുകൾക്ക് മുകളിൽ നിന്ന് ജീവിതം ആസ്വദിക്കുമ്പോഴും അറിയുന്നില്ല താഴത്തെ ശിലയിലുള്ളവരെല്ലാം സ്വിമ്മിംങ് പൂളിലെന്ന പോലെ ജീവനുവേണ്ട നീന്തുകയാണ് ഈ ഫീനിക്സ് പക്ഷികളെപ്പോലെയുള്ള അതിജീവനം തികച്ചും അപ്രതീക്ഷമായിരുന്നു. ദൈവത്തിന്റെ സ്വന്തം നാട് ഇന്ന് ഒരു ശ്മശാനഭ്രമായി

മാറിയിരിക്കുന്നു.തണുപ്പുള്ള മണ്ണിന്റെ മണമുള്ള മന്ദാരമാകുവാൻ
ഇന്ന് തീ കാറ്റായി രൂപം കൊണ്ടു.ഇല്ല പാഠം പഠിക്കാനായിട്ടില്ല
മനുഷ്യന് ഒരു പ്രളയം കൂടെ അനിവാര്യമാണ്. അതിലൂടെങ്കിലും
പഠിക്കുമോ ഇവർ ഒരു പ്രളയം വന്നെത്തിയാൽ
മനസ്സിലാവുമോ?
ദീർഘദർശികളായ കവികൾ ഭൂമിക്ക് മുമ്പേ ഒരു
ചരമഗീതമെഴുതിവച്ചിട്ടാണ് മൺമറഞ്ഞത്
ഇനിയും മരിക്കാത്ത ഭൂമി
നിന്നാത്മസന്നമൃതിയിൽ നിനക്കാത്മശാന്തി

വിനയ ഗോപിദാസ്

9 H

## പ്രളയം നമ്മെ പഠിപ്പിച്ചത്

കുന്നും മരങ്ങളും ചെടികളും പക്ഷി-മൃഗാദികളാൽ സമൃദ്ധമായ കേരളം. കലകളുടെ കലവറയാണ് കേരളം."ദൈവത്തിന്റെ സ്വന്തം നാട് " എന്ന വിശേഷണം മതി. ഒരു പുറം നാട്ടുകാരൻ കേരളത്തെ കുറിച്ചുള്ള ഒരു സങ്കൽപം നൽകാൻ.ഒരു നാട് എന്ന രീതിയിൽ മനുഷ്യന്റെ ഐക്യവും സംസ്കാരവും വളരെ പ്രധാനമാണ്.പക്ഷെ നമ്മുടെ കേരളത്തിനെ സംബന്ധിച്ച് ഐക്യം ഇല്ല എന്നു തന്നെ പറയാം.പല അക്രമങ്ങളും അനീതിയും കൊടികുത്തിവാഴുന്ന ഒരു നാടായി മാറിയിരിക്കുന്ന കേരളം.ജാതി-മതങ്ങളുടെയും പണത്തിന്റെയും  വരമ്പുകളാൽ മനുഷ്യരെ

വിഭജിച്ചിരിക്കുന്നു.

ഇങ്ങനെ ഒരു നാട്ടിൽ പ്രളയം വന്നാൽ എന്തു സംഭവിക്കും? ഈ വർഷത്തെ കടുത്ത മഴയിൽ നമ്മുടെ നാട് വെള്ളത്തിൽ മുങ്ങിക്കിടന്നു.ജീവൻ വരെ ആപത്തിലാഴ്ത്തിയ വൻ പ്രളയം.ഒരു ജതയുടെ ഐക്യവും ഒരു ദുരന്തം നേരിടാനുള്ള മാനസികമായ ബലവും കാണിച്ചു തന്നു.നമ്മൾ പ്രകൃതിയോട് കാണിച്ച അക്രമത്തിന് ഒരു ഉത്തമമായ തിരിച്ചടി നൽകുകയായിരുന്നു പ്രകൃതി.പുഴകളേയും മലകളേയും നശിപ്പിച്ചപ്പോൾ നമ്മൾ ഓർത്തില്ല മഴ എന്ന കാമുകൻ അവൾക്ക് ഉണ്ടെന്ന്. മണ്ണിടിച്ചിലും ഉരുൾപൊട്ടലും പ്രളയത്തിന്റെ ആക്കം കൂട്ടി.വീടുകളും സ്വപ്നങ്ങളും നഷ്ടപ്പെട്ടവർ,ജീവൻ പോലും നഷ്ടപ്പെട്ടവർ.ഈ പ്രകൃതി ദുരന്തത്തെ നിസ്സഹായതയോടെ നോക്കിനിൽക്കാതെ നമ്മുടെ ജനം ഒത്തൊരുമയോടെ പ്രവർത്തിച്ചു.നമ്മുടെ സമൂഹത്തിന്റെ വേറെയൊരു മുഖമാണ് അവിടെ കണ്ടത്.

പക്ഷെ അനുഭവങ്ങൾ കൊണ്ടൊന്നും നാം പഠിച്ചില്ല.വീണ്ടും നാം രാഷ്ട്രീയം ചർച്ചചെയ്തു തുടങ്ങി.മറ്റെല്ലാം മറന്നു കൊണ്ട് നാടിന്റെ ഐക്യവും

നന്മയും ഉയർത്തിക്കാട്ടാൻ നമുക്കു സാധിക്കണം.കേരളം എന്ന കൊച്ചു നാടിനെ ദൈവത്തിന്റെ സ്വന്തം നാടാക്കി മാറ്റാം.

അക്ഷയ്.ആർ.കെ

10 E

**ആ മഴയത്ത്**

അന്നത്തെ മഴ അവന് മറക്കാൻ സാധിക്കുന്നതായിരുന്നില്ല.ഇന്നിതാ വീണ്ടും അതേ മഴ.അതേ ശക്തി,അതേ ഒഴുക്ക്,അതേ തീവ്രത.പണ്ടിതുപോലൊരു മഴ പെയ്തതാണ്.സ്വർഗത്തിൽ നിന്നും ദൈവത്തിന്റെ കണ്ണുനീരെന്നോണം ആ മഴവെള്ളപ്പാച്ചിലിനൊപ്പം ഒലിച്ചിറങ്ങിയതാണ് അവന്റെ എല്ലാ സ്വപ്നങ്ങളും പ്രതീക്ഷകളും.ദൈവത്തിന്റെ കണ്ണുനീരിന് ഇത്രയും ശക്തിയുണ്ടെന്ന് അന്നാണവന് ബോധ്യപ്പെട്ടത്.ഒരു തേങ്ങലോടെ അവൻ തന്റെ ബാല്യകാലത്തിന്റെ ഒരു ഏട് തന്റെ ഓർമകളിൽ നിന്നും ചികഞ്ഞെടുത്തു.ഇടിമുഴക്കം പൊടുന്നനെ അവന് സ്കൂൾമണിയായി തോന്നി.ചോറ്റുപാത്രം വീണ് അതിലെ വറ്റുകൾ ചുറ്റിലും ചിതറിയമാതിരി കുട്ടികൾ വീട്ടിലേക്കോടി.നല്ല മഴയുള്ള

ദിവസമായിരിന്നു അന്ന്.വീടാകെ തോരണം തൂക്കുന്ന മഴയെ അവന് വളരെ ഇഷ്ടമായിരുന്നു.എന്നാൽ കാലന്റെ കയ്യിലെ കയറെന്ന പോലെയാണ് ആ മഴ വന്നതെന്ന് വൈകിയാണ് അവൻ അറിഞ്ഞത്.കോരിച്ചൊരിയുന്ന ആ മഴയത്ത് വഴി കാണുന്നില്ലെങ്കിലും വളരെ ധ്രുതിയിൽ അവൻ ഓടി,തന്റെ വീടിനെ ലക്ഷ്യം വച്ച്.കൂട്ടനിലവിളിയും മഴയുടെ ഭീകരതയും ഒക്കെയാണ് അന്നവനെ എതിരേറ്റത്.എന്താണ് സംഭവിക്കുന്നതെന്നറിയാതെ അവൻ നടന്നു നീങ്ങി.എന്നാൽ പെട്ടന്നവന്റെ ഉള്ളിൽ ഒരു മിന്നലാളി.തന്റെ വീടിന്റെ സ്ഥാനത്ത് അവൻ കാണുന്നത് കുത്തിയൊലിക്കുന്ന മഴവെള്ളത്തിനടിയിലുള്ള കല്ലും മറ്റവശിഷ്ടങ്ങളൊക്കെയാണ്.ഇതുവരെ കളിച്ച് ചിരിച്ച് നടന്നിരുന്ന അവൻ പൊടുന്നനെ നിശബ്ദനായി.തന്റെ ബാഗ് വലിച്ചെറിഞ്ഞ് അവൻ അലറിക്കരഞ്ഞു.തന്റെ അമ്മയെവിടെ?അച്ഛനെവിടെ?തന്റെ കുഞ്ഞനിയത്തിയെവിടെ?അവന്റെ ചോദ്യങ്ങൾക്ക് എവിടെയും ഉത്തരമില്ലായിരുന്നു.മഴയുണ്ടായ ആ നിമിഷത്തെ ശപിച്ചുകൊണ്ട് അവൻ മറ്റുള്ളവരെ തിരയാൻ തുടങ്ങി.എന്നാൽ അവരവിടെയും ഉണ്ടായിരുന്നില്ല.വൈകാതെ അവൻ തിരിച്ചറിഞ്ഞു.നാടിനെ ബാധിച്ചിരിക്കിന്നത് പ്രളയമാണ്.ആ ഭീകരസത്വത്തിന്റെ ഇരയായിരിക്കുകയാണ് തന്റെ കുടുബാംഗങ്ങളെല്ലാം.തന്റെ വിധിയോർത്ത് അവൻ വാവിട്ടു കരഞ്ഞുപോയി.ചുറ്റും വെള്ളം കയറുകയാണ്.മുകളിൽ നിന്നും ഹെലികോപ്റ്റർ പറന്നകലുന്നതിന്റെ ശബ്ദം കേട്ട് അവൻ തലയുയർത്തി.ഹെലികോപ്റ്ററിൽ നിന്നും ഭക്ഷണവും

വസ്തുവുമൊക്കെ അവൻ താഴേക്കിടുന്നു.എല്ലാവരും ദുരിതാശ്വാസ പ്രവർത്തനങ്ങൾ തുടങ്ങിക്കഴിഞ്ഞു.എങ്കിലും തന്റെ ദുരിതത്തിന് എന്ന് ആശ്വാസം,പോയമുതൽ തിരിച്ചുകിട്ടില്ലല്ലോ എന്നൊക്കെയോർത്ത് അവൻ സ്വയം പഴിച്ചു.എന്നാലിന്ന് ദിവസങ്ങളേറെക്കഴിഞ്ഞു.വീണ്ടും അതേ മഴ വന്നിരിക്കുന്നത് കണ്ട് ദുരിതാശ്വാസക്യാമ്പിന്റെ ജനലഴികളിൽ പിടിച്ച് അവനിരുന്നു.വീണ്ടും അതേ ഹെലികോപ്റ്ററിന്റെ ശബ്ദം അവനെ തന്റെ ചിന്തയിൽ നിന്നുണർത്തി.അവൻ മഴ കണ്ട് ഒന്ന് ദീർഘമായി നിശ്വസിച്ചു.കൊണ്ടുപോയ തന്റെ കുടുംബത്തിനെ തിരിച്ചുകൊണ്ടുവരാനായിരിക്കുമോ ആ മഴ വീണ്ടും വന്നത് എന്ന ആശ്വാസത്തിൽ..................

ഗോപിക വർമ.പി.

# ഞെട്ടിക്കുന്ന ഒരു മഴക്കാഴ്ച

## മുഹമ്മദ് കെ വി

## 9 J

**എന്റെ കുട്ടിക്കാലത്ത് ഏകദേശം ഒരു 14 വയസ്സ് കാണും. എന്റെ സംസ്ഥാനമായ കേരളത്തിൽ ഒരു വലിയ ദുരന്തം നടന്നു മഴവെള്ളം കാരണം ഒരു ഭയങ്കരം പ്രളയംനടന്നു . ഒരു മഹാപ്രളയം തന്നെ ഉണ്ടായി .എത്രയോ മരണം സംഭവിച്ചു. ഞാൻ മുറ്റത്തേക്ക് ഇറങ്ങി നിൽക്കുമ്പോൾ തന്നെ മഴയുടെ ഈണമുളള പാട്ട് ഞാൻ കേട്ടു. ഞാൻ അന്ന് സ്കൂളിലേക്ക് പോക്കുമ്പോഴാണ് എന്റെ അമ്മ എന്നോട് പറഞ്ഞത് .ഇന്ന് സ്കൂൾ ലീവാണ് .ഞാൻ ടി.വി ഓൺ ചെയ്യപ്പോൾ കണ്ടത് കുറേ മനുഷ്യരുടെ വീടും പറമ്പും നഷ്ടപ്പെട്ട് വിദ്യാലയങ്ങൾ ക്യാമ്പായി മാറിയതാണ് . അപ്പോഴാണ് അമ്മ വന്നു പറഞ്ഞത് എന്റെ അച്ഛൻ ആലപ്പുഴയിലാണ് ഉളളത് എന്ന് .എന്റെ അച്ഛനെ ഫോണ് ചെയ്യതു. കിട്ടുന്നില്ല.അച്ഛൻ ക്യാമ്പിലാണ് ഉളളത്**

**എന്ന് അറിഞ്ഞപ്പോൾ ഭയം മാറി. ആ നേരമാണ് അമ്മൂമ്മ നടന്ന് വന്നത്. കുടയില്ലാത്തതിനാൽ തലയിൽ ചപ്പ് വെച്ചാണ് വന്നത് . അച്ഛൻ അവിടെ ദുരിതത്തിലാണ് എന്നറിഞ്ഞപ്പോൾ അമ്മൂമ്മ നിലവിളിച്ചുകൊണ്ട് മഴയെ പ്രാക്കാൻ തുടങ്ങി .എന്റെ കുടുംബം എന്റെ അമ്മാവന്റെ വീട്ടിലേക്ക് മാറാൻവേണ്ടി അമ്മാവൻ വന്നു പറഞ്ഞു . എന്റെ വീടിന്റെ തറ വരെ വെള്ളം കയറിയതിനാൽ ഞങ്ങൾ വഞ്ചിയിലാണ് അമ്മാവന്റെ വീട്ടിൽ പോയത്. രണ്ടാഴ്ച അച്ഛനെ ഓർത്ത് ഭയത്തോടെ ഞങ്ങൾ അവിടെ കഴിഞ്ഞു. മഴയുടെ ഊണം ഒന്ന് കുറായാൻ തുടങ്ങിയപ്പോൾ ഞങ്ങളുടെ സ്വപ്നമായ വീട്ടിലേക്ക് തിരിച്ചു. വീടിന്റെ മുന്നിൽ എത്തിയപ്പോൾ കണ്ട കാഴ്ച ഭയാനകമായിരുന്നു. ഞങ്ങളുടെ കണ്ണിൽ നിന്ന് കണ്ണീർ ഉരുൾ പൊട്ടിയ പോലെ ജലധാരയായി ഒഴുകി. വീടിന്റ മൂലകൾ തകർന്ന കിടപ്പായിരുന്നു. വീട് എന്ന് പറയാൻ ഒരു ജനൽ കമ്പിയും ഒരു കട്ടിലും മാത്രം. എത്രയോ കുടുംബങ്ങൾ ആ മഴയെ വല്ലാതെ പ്രാകി. ഈ ദുഖത്തിൽ ആണ്ട് നിൽക്കുമ്പോഴാണ് ആരോ ദൂരെ നിന്ന് വരുന്നത് കണ്ടത്. അടുത്തെത്തിയപ്പോഴാണ് അച്ഛനാണെന്നു മനസ്സിലായത്. ആ നേരം സന്തോഷവും ദുഖവും ഒരുമിച്ചു വന്ന സമയം, എന്നെ നെഞ്ചിൽ ആണി തറിച്ച പോലെയുള്ള ദിവസം. മറക്കാനാകാത്ത ദിവസം.**

# കാലത്തിന്റെ കൈയ്യൊപ്പ്

കാലത്തിൻറെ കൈയ്യൊപ്പുകൾ തുടരവെ മഴ തുടർന്നുപെയ്യുന്നു.ഈർപ്പം നിറഞ്ഞ അന്തരീക്ഷ ത്തിൽ തഴുകിയെത്തിയ കുളിർക്കാറ്റിൽ മുറ്റത്തു വീണുതെറിക്കുന്ന മഴത്തുള്ളിയുടെ ഗാനത്തിൽ കുട്ടനാട് ഉറങ്ങുക യായിരുന്നു. മഴയുടെ കാഹളം തുടരവേ നിശബ്ദയായി കരകളെ തഴുകിയൊഴുകിയ കായൽ വളർന്നു. മനുഷ്യൻ കൈയ്യുട ക്കിയതെ ല്ലാം

തിരിച്ചുപിടിച്ചമട്ടിൽ.

രാത്രിയുടെ കടലാസുമറയവെ ആകാശത്തിൽ കുങ്കുമം ചാലിച്ച് അവനെത്തുമ്പോഴേക്കും കൃഷ്ണയ്ക്ക് തീരാദു:ഖം സംഭവിച്ചു.ആ മഴയിൽ അവൾ തനിച്ചായി.മഴനനഞ്ഞമുടിയിഴകളിലൂടെ ഊറിയിറങ്ങിയത് വേദനയും കണ്ണീരും.ആർത്തിരമ്പുന്ന തിരകളും അലയടിക്കുന്ന തീരങ്ങളിലും അവളും വീണുപോയി.ഒരാഴ്ചത്തെനീറുന്ന നിമിഷങ്ങൾക്കുശേഷം മലയാളി മലയാളിയായി മാറി.

ഭാവിവഴികൾ തെളിയാതെ കണ്ണീർപൊഴി ച്ചുകൊണ്ട് കലങ്ങിയ രക്തവർണ്ണമുള്ള കണ്ണുകൾ അടഞ്ഞുകൊണ്ടിരുന്നു.ശ്വാസംകിട്ടാതെ ഒരു രക്ഷാ ഹസ്തത്തിനായി വിങ്ങിയ അവളെത്തേടിയെത്തിയത് വിശന്നുവലഞ്ഞ തെരുവുനായ്ക്കൂട്ടം.ഒരു തീഗോളം പോലെ ആ കണ്ണുകൾ അവൾക്കു നേരെനീങ്ങി .

കനൽനിറഞ്ഞ വഴികളിലൂടെ അവൾ നടന്നു. അഗ്നിവർണ്ണത്താൽ ജ്വലിച്ചസൂര്യൻ ഭൂമിയെ ചുട്ടുപൊള്ളിക്കാനുള്ള ശ്രമത്തിലാണ്.അതിനൊരവസരമെന്നപോലെ കാർമേഘംവീണ്ടും കരയാനൊരു ങ്ങി.

കലങ്ങിയകണ്ണുകൾ പിറകോട്ടുചലിക്കവേ ചീറിയടുത്തനായയെ ഒരുലോറി മരണത്തിലേ ക്കയച്ചു.വായിലെ കൊതിനിറഞ്ഞവെള്ളവും ചുവ ന്നുരുണ്ടകണ്ണും കൂർത്തനഖവും മെലിഞ്ഞുണങ്ങി യ കാലും ഒരൊറ്റനിമിഷത്തിൽ അകന്നുപോയി. കരഞ്ഞുതുടങ്ങിയ കാർമേഘമെന്തോകരഞ്ഞില്ല.

## അമ്മു

**സിനാൻ.ഡി**

**9.J**

ഞാൻ അമ്മു. ഞാൻഒരു ദലിത കുടുംബത്തിലെ ഇളയ മകളാണ് . വിദ്യാലയത്തിൽ പോകുന്നതാണ് എന്റെ ഏറ്റവും വലിയ അഗ്രഹം.ഞാൻ ഒൻപതുകാരിയാണ് . മഴ എന്റെ കൂട്ടുകാരിയാണ്. എന്റെ ഏറ്റവും വലിയ കൂട്ടുകാരി, പക്ഷെ ഇപ്പോൾ അവൾ എന്റെ ശത്രു ആയിമാറി കാരണം അവൾ സാധാരണ കരയുന്നത്തിനെ എത്രയോ അധിക്കം കരഞ്ഞു അദ്യമോക്കെ എനിക്ക് അവളോട് സങ്കടം തോന്നി" എന്തായിരിക്കും അവൾ ഇങ്ങനെ കരയുന്നത് "അവൾ കരച്ചിൽ നിർത്തിയില്ല അവളുടെ കരച്ചിൽനിർത്തിയിൽ. അവളുടെ കരച്ചിൽ മണിക്കുറുകൾ,കടന്ന് ദിവസങ്ങളോളം നീണ്ടു. പതിയെ പതിയെ എന്റെ കൊച്ചു ഗ്രാമം വെള്ളത്തിലായി. പാടങ്ങൾ വെള്ളത്തിൽ മുങ്ങി,പുഴയമ്മാവൻ കരയിലേക്ക് കയറി ഒഴുകി. മഴ നിർത്തിയില്ല . നിർത്തുകയുമില്ല എന്നമട്ടിലായി. നാട്ടുകാർ പരിഭ്രാന്തിയിലായി.വീടുകളും നിറഞ്ഞൊഴുകി.ഞങ്ങൾ തവള കുന്നിൽ താമസമാക്കി.പലർക്കും അവരുടെ കുഞ്ഞുങ്ങളെയും ,അമ്മമാരെയും,ഭാര്യമാരെയും നഷ്ടമായി.ചിലരുടെ അവസ്ഥ അതിഗുരുതരമാണ്.ആ കാഴ്ച്ചകൾ ഈ കുഞ്ഞു മനസ്സിൽ തിങ്ങി നിറഞ്ഞു.അങ്ങനെ വെള്ളം വീണ്ടും ഉയർന്നു.എന്റെ കളിപാട്ടങ്ങൾ ഒലിച്ചു പോയി.ഞാൻ ഒറ്റക്കായി.ഭക്ഷണവും വെള്ളവുമില്ല്തെ ദിവസങ്ങൾ കഴിച്ചു കൂട്ടി.അവസാനം അവർ വന്നു. ദൈവത്തിന്റെ മാലാഖമാരായ മത്സ്യതോഴിലാളികൾ എന്നെ വാരിയെടുത്ത് ബോട്ടിൽ ഇരുത്തി.അങ്ങനെ

എന്റെ ആഗ്രഹമായ വിദ്യാലയത്തിൽ ഞാൻ എത്തി.പഠിക്കാനല്ല. ആയിരത്തോളം വരുന്ന എന്നെ പോലുള്ള ധാരാളംകുട്ടികളും,അമ്മമാരും,അച്ഛൻമാരുംചേട്ടൻമാരും.അവിടെ വച്ചാണ് ഞാൻ ഇനിയും ജീവിക്കും എന്ന വിശ്വാസം എനിക്കുണ്ടായത് അവിടെയും നമുക്ക് തുണയായത് മത്സതൊഴിലാളികളും ,നാട്ടുകാരും മറ്റുമാണ്.നമ്മുക്ക് ആവശ്യമുള്ള ഭക്ഷണവും,വെള്ളവും,വസത്രവും അവർ ഞങ്ങൾക്കു തന്നു.എല്ലാവരും കൈകോർത്തു . എവിടെയും ഒരുമ മാത്രം പതിയെ പതിയെ നമ്മൾ അതിജീവിച്ചു സന്തോഷം കൈവരിച്ചു. മഴ അവസാനിച്ചു .എന്റെ വീട്ടിലേക്കു മടങ്ങി. വീടില്ല വെറും ഒന്നോ രണ്ടോ കല്ലുകൾ മാത്രം അവശേഷിച്ച ഒരു കൊച്ചു സ്ഥലം . ആ കല്ലുകളുടെ മുകളിലിരുന്ന് ഞാൻ ഈ കഥ എഴു തുന്നു അല്ല എന്റെ ജീവിതം എഴുതുന്നു.

എന്നു അമ്മു

# ഞെട്ടിക്കുന്ന ഒരു മഴക്കാഴ്ച

എന്റെ കുട്ടിക്കാലെ ഏകദേശം ഒരു 14 വയസ്സ് കാണും. എന്റെ സംസ്ഥാനമായ കേരളത്തിൽ ഒരു വലിയ ദുരന്തം നടന്നു മഴവെള്ളം കാരണം ഒരു ഭയങ്കരം പ്രളയംനടന്നു . മഴവെള്ളം കാരണം ഒരു മഹാപ്രളയം തന്നെ ഉണ്ടായി .എത്രയോ മരണം സംഭവിച്ചു ഞാൻ മുറ്റത്തേക്ക് ഇറങ്ങി നിൽക്കുമ്പോൾ തന്നെ മഴയുടെ ഈണമുള്ള പാട്ട് ഞാൻ കേട്ടു. ഞാൻ അന്ന് സ്കൂളിലേക്ക് പോകുമ്പോഴാണ് എന്റെ അമ്മ എന്നോട് പറഞ്ഞത് . ഇന്ന് സ്കൂൾ ലീവാണ് .ഞാൻ ടി.വി ഓൺ ചെയ്തപ്പോൾ കണ്ടത് കുറേ മനുഷ്യരുടെ വീടും പറമ്പും നഷ്ടപ്പെട്ട് വിദ്യാലയങ്ങൾ ക്യാമ്പായി മാറിയതാണ് . അപ്പോഴാണ് അമ്മ വന്നു പറഞ്ഞത് എന്റെ അച്ഛൻ അലപ്പുഴയിലാണ് ഉള്ളത് എന്ന് .എന്റെ അച്ഛനെ ഫോൺ ചെയ്തു. കിട്ടുന്നില്ല.അച്ഛൻ ക്യാമ്പിലാണ് ഉള്ളത് എന്ന് അറിഞ്ഞപ്പോൾ ഭയം മാറി. ആ നേരമാണ് അമ്മുമ്മ നടന്ന് വന്നത്. കുടയില്ലാത്തതിനാൽ തലയിൽ ചപ്പ് വെച്ചാണ് വന്നത് . അച്ഛൻ അവിടെ ദുരിതത്തിലാണ് എന്നറിഞ്ഞപ്പോൾ അമ്മമ്മ നിലവിളിച്ചുകൊണ്ട് മഴയെ പ്രാകാൻ തുടങ്ങി .എന്റെ കുടുംബം എന്റെ അമ്മാവന്റെ വീട്ടിലേക്ക് ഷിഫ്റ്റ് ചെയാൻ വേണ്ടി അമ്മാവൻ വന്നു പറഞ്ഞു . എന്റെ വീടിന്റെ തറ വരെ വെള്ളം കയറിയതിനാൽ ഞങ്ങൾ വഞ്ചിയിലാണ് അമ്മാവന്റെ വീട്ടിൽ പോയത്. രണ്ടാഴ്ച അച്ഛനെ ഓർത്ത് ഭയത്തോടെ ഞങ്ങൾ അവിടെ കഴിഞ്ഞു. മഴയുടെ ഈണം ഒന്ന് കുറയാൻ തുടങ്ങിയപ്പോൾ ഞങ്ങളുടെ സ്വപ്നമായ വീട്ടിലേക്ക് തിരിച്ചു. വീടിന്റെ മുന്നിൽ എത്തിയപ്പോൾ കണ്ട കാഴ്ച ഭയാനകമായിരുന്നു. ഞങ്ങളുടെ കണ്ണിൽ നിന്ന് കണ്ണീർ ഉരുൾ പൊട്ടിയ പോലെ ജലധാരയായി ഒഴുകി. വീടിന്റ മൂലകൾ തകർന്ന കിടപ്പായിരുന്നു. വീട് എന്ന് പറയാൻ ഒരു ജനൽ കമ്പിയും ഒരു കട്ടിലും മാത്രം. എത്രയോ കുടുംബങ്ങൾ ആ മഴയെ വല്ലാതെ പ്രാകി. ഈ ദുഖത്തിൽ ആണ്ട് നിൽക്കുമ്പോഴാണ് ആരോ ദൂരെ നിന്ന് വരുന്നത് കണ്ടത്. അടുത്തെത്തിയപ്പോഴാണ് അച്ഛനാണ് എന്നു മനസ്സിലായത്. ആ നേരം സന്തോഷവും ദുഖവും ഒരുമിച്ചു വന്ന സമയം. എന്റെ നെഞ്ചിൽ ആണി തറിച്ച പോലെയുള്ള ദിവസം.മറക്കാത്ത ദിവസം.

മുഹമ്മദ് കെ വി
9 J

# രക്തം ചീന്തിയ മഴത്തുള്ളികൾ

## അഞ്ജിമ.സി

നിണമണിഞ്ഞൊരു മഴത്തുള്ളികൾ
ചോരകളാൽ പെയ്യുന്നേ
ചോരമഴയിൽ മുങ്ങിയ കേരളം
ഒട്ടനവധി ജീവനെടുത്തു
പെയ്യുന്നേ മഴ പെയ്യുന്നേ
മഴത്തുള്ളികൾ പെയ്യുന്നേ
ചീറിപാറുന്ന പൂമഴ
നോക്കുവിൻ മനുഷ്യരെ
ചോരയിൽ കുളിച്ചൊരാ
ജിവനിൽ നിറമണിഞ്ഞ കേരളം
ചോരയിൽ കുളിച്ച
പിഞ്ചുകുഞ്ഞു കുരുന്നുകൾ
ചോരയിൽ കുളിച്ച കേരളം
പെയ്യുന്ന മഴ രക്തത്തിൽ
വീഴുന്ന മഴ പൂമഴ
രക്തം പൊഴിഞ്ഞൊരാ
പൊൻ മഴത്തുള്ളികൾ
രക്തത്തിൽ ചീന്തിയ മഴത്തുള്ളികൾ
പൂമഴത്തുള്ളികൾ

# KPC EXPO


KPC EXPO 2018
2018 നവംബർ 30 ഡിസംബർ 1
പട്ടാന്നൂർ കെ.പി.സി ഹയർ സെക്കന്ററി സ്കൂളിൽ
വിളംബര ജാഥ















അനഘ.ടി.വി








ANAGHA UTHAMAN

# THANKS






**KPCHSS PATTANUR**

**PATTANUR PO,KANNUR DT,PIN:670595**
**E MAIL :kpchsspattanur@gmail.com**